# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: mlpkd.ksad@kerala.gov.in

ഫോൺ : 0491-2534024

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.എം-എ3-309/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/01/2022
ഇ-മെയിൽ: mlpkd.ksad@kerala.gov.in
ഫോൺ: 0491-2534024

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

5) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-പി.കെ.എം-എ3-309/2020 തീയ്യതി: 07/01/2022

## പാലക്കാട് ജില്ലയിലെ പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അരവിന്ദാക്ഷൻ.പി | ഡെപ്യൂട്ടിഡയറക്ടർ (ഹയർഗ്രേഡ്) | 16-07-2020 | 17-04-2021 |
| ശ്രീമതി.ശ്രീലത.പി | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) | 18-04-2021 | 28-04-2021 |
| ശ്രീ.പ്രസന്നകുമാർ.എം.പി | ഡെപ്യൂട്ടിഡയറക്ടർ | 29-04-2021 | 25-05-2021 |
| ശ്രീ.ഷാജിമോൻ.കെ.എ | ഡെപ്യൂട്ടിഡയറക്ടർ | 26-05-2021 | 30-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|

| | |
|---|---|
| 16-07-2020 | 30-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീലത.പി, ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
16.07.2020 മുതൽ 21.06.2021 വരെ
ശ്രീമതി.പൊന്നു.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
16.07.2020 മുതൽ 31.01.2021 വരെ
ശ്രീമതി.നസീറാബാനു.എ, സീനിയർഗ്രേഡ് ഓഡിറ്റർ
16.07.2020 മുതൽ 30.06.2021 വരെ
ശ്രീമതി.രമാദേവി.കെ.ആർ, സീനിയർഗ്രേഡ് ഓഡിറ്റർ
16.07.2020 മുതൽ 07.01.2021 വരെ
ശ്രീ.രാധാകൃഷ്ണൻ.വി.കെ, സീനിയർഗ്രേഡ് ഓഡിറ്റർ
03.03.2021 മുതൽ 30.06.2021 വരെ
ശ്രീ.പ്രദീഷ്.എം, സീനിയർഗ്രേഡ് ഓഡിറ്റർ
08.01.2021 മുതൽ 30.06.2021 വരെ
ശ്രീമതി.ഫസീല.കെ.എ, ഓഡിറ്റർ
16.07.2020 മുതൽ 02.03.2021 വരെ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ
03.03.2021 മുതൽ 30.06.2021 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രമീള ശശിധരൻ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.രഘുരാമൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.മുരളി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.എൻ.സ്വാമിദാസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.മണികണ്ണൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വി.ലീല | സി.ഡി.എസ് മെമ്പർ സെക്രട്ടറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.മുരളീധരൻ.സി | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 23-06-2019 |
| ശ്രീ.ദീപു ശിവരാജൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 24-06-2019 | 31-03-2020 |
| ശ്രീമതി.സിമി.കെ.ഇ | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ഡോ.രോഹിണി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽ.പി | പ്രിൻസിപ്പൽ, GMGHSS | 01-04-2019 | 31-03-2020 |
| ശ്രീ.വിജയകുമാരി | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.വി.ഗോവിന്ദരാജൻ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷാഹിന | വെറ്ററിനറി സർജൻ | 01-04-2019 | 16-07-2019 |
| ഡോ.ജിജു ഡേവിസ് | വെറ്ററിനറി സർജൻ | 17-07-2019 | 19-09-2019 |
| ഡോ.സുബ്രഹ്മണ്യൻ.ആർ | വെറ്ററിനറി സർജൻ | 20-09-2019 | 29-09-2019 |
| ഡോ.കെ.ടി.റെജിമോൻ | വെറ്ററിനറി സർജൻ | 30-09-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P. Sreelatha (Audit Officer, On 30-11-2021)<br>Last Updated By: P. Sreelatha (Audit Officer, On 14-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 14-12-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 04-12-2021) | 1-11 |
| 12 | അക്കൌണ്ടിംഗിലെ അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-12 |
| 13 | കൌൺസിൽ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-13 |
| 14 | കുടിശ്ശികകൾ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 04-12-2021) | 1-14 |
| 15 | സ്ഥിരനിക്ഷേപം വാർഷികക്കണക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല<br>Written By: P. Sreelatha (Audit Officer, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-15 |

| | | |
|---|---|---|
| 16 | വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-16 |
| 17 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 14-12-2021) | 1-17 |
| 18 | വാർഡ് നം:17, കെട്ടിട നം: 313/1, 2, 3, 4 – വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-17-1 |
| 19 | വാർഡ് : 41, കെട്ടിട നം: 1611 മുതൽ 1620 വരെ - വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-17-2 |
| 20 | വാർഡ് : 41, കെട്ടിട നം: 2143, 2143/1, 2145 – ഉപയോഗക്രമം, കാലപ്പഴക്കം എന്നിവ പരിശോധിക്കേണ്ടതാണ്<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-17-3 |
| 21 | വാർഡ് : 23, കെട്ടിട നം: 182/1, 2, 3 – ഉപയോഗക്രമം രേഖപ്പെടുത്തിയത് പരിശോധിക്കേണ്ടതാണ്<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-17-4 |
| 22 | വസ്തുനികുതി മേഖലാ നിർണ്ണയം - പ്രാഥമിക മേഖലയിലുൾപ്പെടുന്ന കെട്ടിടങ്ങളെ ദ്വിതീയ/തൃതീയ മേഖലകളിൽ ഉൾപ്പെടുത്തി<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-18 |
| 23 | വസ്തുനികുതി - തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നില്ല<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-19 |
| 24 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇംഗ്ലീഷ് ചർച്ച് റോഡ് - വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-20 |
| 25 | വസ്തുനികുതി നിർണ്ണയം- അനർഹമായി നൽകിയ ഇളവുകൾ പുനപരിശോധിക്കേണ്ടതാണ്<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-21 |
| 26 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കിയതിൽ അപാകങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-22 |
| 27 | ടവറുകളുടെ തറ വിസ്തീർണ്ണം കണക്കാക്കിയത് സംശയാസ്പദം<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-22-1 |
| 28 | ടവറുകളുടെ കാലപ്പഴക്കം തെറ്റായി കണക്കാക്കി നികുതി ഇളവ് നൽകുന്നു<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-22-2 |

| | | |
|---|---|---|
| 29 | പുതിയ കെട്ടിടങ്ങൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Pradeesh.M. (Senior Grade Auditor, On 04-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 04-12-2021) | 1-23 |
| 30 | ബിൽഡിങ്ങ് പെർമിറ്റ് -അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-24 |
| 31 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-25 |
| 32 | ലൈസൻസ് - നിർദേശങ്ങൾ<br>Written By: Pradeesh.M. (Senior Grade Auditor, On 07-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 20-12-2021) | 1-26 |
| 33 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വ്യാപാര, വ്യവസായ ആവശ്യങ്ങൾക്കായി ലൈസൻസ് നൽകി<br>Written By: Pradeesh.M. (Senior Grade Auditor, On 07-12-2021)<br>Last Updated By: Pradeesh.M. (Senior Grade Auditor, On 07-12-2021) | 1-27 |
| 34 | വാടക- അപാകങ്ങൾ<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseera Banu.A (Senior Grade Auditor, On 07-12-2021) | 1-28 |
| 35 | വാടക രജിസ്റ്റർ കാലികമാക്കുന്നില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-28-1 |
| 36 | വാടക കുടിശ്ശിക വർദ്ധിച്ചുവരുന്നു<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-28-2 |
| 37 | സ്റ്റാഫ് ക്വാട്ടേഴ്സ് -വാടക രജിസ്റ്റർ വർഷങ്ങളായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseera Banu.A (Senior Grade Auditor, On 07-12-2021) | 1-28-3 |
| 38 | സർക്കാർ സ്ഥാപനങ്ങൾ വാടക – വൻകുടിശ്ശിക നിലനിൽക്കുന്നു<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-28-4 |
| 39 | മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseera Banu.A (Senior Grade Auditor, On 07-12-2021) | 1-28-5 |
| 40 | ലൈഫ് മിഷൻ പദ്ധതി- മൂന്നാം ഘട്ടം നടപ്പാക്കിയതിലെ അപാകങ്ങൾ<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-29 |
| 41 | പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseera Banu.A (Senior Grade Auditor, On 07-12-2021) | 1-29-1 |
| 42 | പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-29-2 |
| 43 | സർക്കാർ നിർദേശിച്ചതിലും അധികം തുക അനുവദിച്ചു<br>Written By: Naseera Banu.A (Senior Grade Auditor, On 07-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-29-3 |
| 44 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-30 |

| | | |
|---|---|---|
| 45 | കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നില്ല<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 08-12-2021) | 1-31 |
| 46 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്കായി മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 08-12-2021) | 1-32 |
| 47 | ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രൊവിഡന്റ് ഫണ്ട് വിഹിതം അതത് മാസം സി.പി.എഫ് അക്കൗണ്ടിൽ അടവാക്കുന്നില്ല<br>Written By: Naseera Banu.A (Senior Grade Auditor, On 08-12-2021)<br>Last Updated By: Naseera Banu.A (Senior Grade Auditor, On 08-12-2021) | 1-33 |
| 48 | സേവന പുസ്തകം പരിശോധനയ്ക്കായി സമർപ്പിക്കുന്നതിലെ നടപടിക്രമങ്ങളിലെ അപാകങ്ങൾ<br>Written By: Naseera Banu.A (Senior Grade Auditor, On 10-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-34 |
| 49 | അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നത്- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 30-12-2021) | 1-35 |
| 50 | വാർഡ് സഭ മിനിറ്റ്സ് പരിശോധന-അധികാര വികേന്ദ്രീകരണം, ആസൂത്രണം കാര്യക്ഷമമാക്കണം<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-36 |
| 51 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി -അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-37 |
| 52 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരാമത്തു പ്രവൃത്തികൾ - അവലോകനം<br>Written By: P. Sreelatha (Audit Officer, On 13-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-38 |
| 53 | മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreelatha (Audit Officer, On 08-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-39 |
| 54 | എഗ്രിമെന്റ് - മതിയായ തുകക്കുള്ള സ്റ്റാമ്പ് പേപ്പർ വെച്ചിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 14-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 1-40 |
| 55 | കരാറുകാരൻ യഥാസമയം സൈറ്റ് ഏറ്റുവാങ്ങിയിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 14-12-2021)<br>Last Updated By: P.G. Bindu (Deputy Director, On 07-01-2022) | 1-41 |
| 56 | നഗരശുചീകരണം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 14-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 14-12-2021) | 1-42 |
| 57 | ഓഫീസ് അനക്സ് നിർമ്മാണം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: P. Sreelatha (Audit Officer, On 14-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 1-43 |

| | | |
|---|---|---|
| 58 | പ്രവൃത്തി പൂർത്തീകരണം വൈകിയത് -പിഴ ഈടാക്കിയതിൽ കുറവ്/ ഈടാക്കിയിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 15-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 15-12-2021) | 1-44 |
| 59 | ടെണ്ടർ ഉറപ്പിച്ച് കരാറുകാരുമായി എഗ്രിമെന്റ് വെയ്ക്കുന്നത് -അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 15-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-45 |
| 60 | കരാറുകാരൻ എഗ്രിമെന്റ് വെച്ചത് വൈകി -പിഴ ഈടാക്കിയിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 16-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-45-1 |
| 61 | എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് - നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 20-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-46 |
| 62 | ഫ്രണ്ടോഫീസിലേക്ക് ഫർണിച്ചർ -നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: P. Sreelatha (Audit Officer, On 17-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-47 |
| 63 | ട്രഞ്ചിംഗ് ഗ്രൗണ്ടിലെ വിവിധ പ്രവൃത്തികൾ - നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല<br>Written By: P. Sreelatha (Audit Officer, On 20-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 27-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sreelatha (Audit Officer, On 01-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 01-12-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 07-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sreelatha (Audit Officer, On 07-12-2021)<br>Last Updated By: P. Sreelatha (Audit Officer, On 20-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

02.03.2019 തീയതിയിലെ 1948 തീരുമാനപ്രകാരം അംഗീകരിച്ചു. 215,62,47,905 രൂപ വരവും 155,43,81,923 രൂപ ചെലവും ഉള്ള പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 30.03.2020 തീയതിയിലെ 2502 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 03.08.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 318097183 |
| വരവ് | 976364759 |
| ആകെ | 1294461942 |
| ചെലവ് | 1169392939 |
| നീക്കിയിരിപ്പ് | 125069003 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | | 104482073 | 104482073 | 58059362 | 46422711 |
| വികസന ഫണ്ട്-എസ്.സി.പി | | | 48557000 | 48557000 | 26053804 | 22503196 |
| മെയിന്റനൻസ്, റോഡ് | | | 100819000 | 100819000 | 34204872 | 66614128 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 32904000 | 32904000 | 7447309 | 25456691 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 191535000 | 191535000 | 55703389 | 135831611 |
| സാക്ഷരത | | 115873 | 3967 | 119840 | 0 | 119840 |
| എ.യു.ഇ.ജി.എസ് | | 3035091 | - | 3035091 | 1318735 | 1716356 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ : Amrut | | 125091035 | 249666005 | 374757040 | 361568490 | 13188550 |
| NULM | | 3418611 | 2187951 | 5606562 | 1043059 | 4563503 |
| PMAY | | 89535289 | 204218768 | 293754057 | 249750316 | 44003741 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 63223811 | 63223811 | 53453926 | 9769885 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 31680749 | 212533991 | 244214740 | 214999294 | 29215446 |
| | ട്രഷറി അക്കൗണ്ട് | 19572074 | 65170371 | 84742445 | 73472789 | 11269656 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 690 | 612599726 | 294 | 161734734 | 43 | 353 | 26.40 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| സെക്രട്ടറി | 6 | 5 | 1 | 41470373 | 7467959 | 18 |
| പ്രിൻസിപ്പാൾ | 3 | 1 | 2 | 10400000 | 1354680 | 13.02 |
| എസ്.സി.ഡി.ഒ | 6 | 4 | 2 | 23170100 | 9158154 | 32.52 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 619 | 269 | 5 | 327773274 | 65088025 | 19.85 |
| മുനിസിപ്പൽ എഞ്ചിനിയർ | 13 | 0 | 13 | 101210031 | 18053441 | 17.83 |
| ഐ.ഇ.ഒ | 1 | 0 | 1 | 55000 | 38700 | 70.36 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 3 | 1 | 1968505 | 1895905 | 96.31 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 9 | 1 | 4 | 21114100 | 15527600 | 73.54 |
| പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമാർജ്ജന സെൽ | 5 | 1 | 4 | 66370300 | 62959000 | 94.86 |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 2 | 0 | 2 | 4236000 | 2477625 | 58.48 |
| വെറ്ററിനറി സർജൻ | 2 | 0 | 0 | 800000 | 0 | 0 |
| ഹെൽത്ത് സൂപ്പർവൈസർ | 20 | 10 | 8 | 13136327 | 8597298 | 65.44 |
| ആകെ | 690 | 294 | 43 | 611704010 | 192618387 | 31.48 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് നൽകുന്നത് | ഭരണ ചെലവ് | ആകെ ചെലവ് | |
| 3035091 | 0 | 3035091 | 957985 | 360750 | 1318735 | 1716356 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72480 | 77 |
| കർഷകതൊഴിലാളി പെൻഷൻ | 1577400 | 240 |
| വിധവാപെൻഷൻ | 27747000 | 4461 |
| വാർദ്ധക്യകാലപെൻഷൻ | 44365400 | 6734 |
| വികലാംഗപെൻഷൻ | 6436600 | 983 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1054800 | 197 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2015 | 2013-14, 2014-15 | 18.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2019 – 27.07.2019 | 2017-18<br>2018-19 | 29.09.2019 |

## 1-10 ആഭ്യന്തരനിയന്ത്രണം

A) കൌൺസിൽ യോഗങ്ങൾ

18/12/2019, 28/12/2019, 14/01/2020, 28/01/2020, 05/03/2020 എന്നീ തീയതികളിലെ നഗരസഭാ കൌൺസിൽ യോഗങ്ങൾ ബഹളം മൂലം ചർച്ചകൾ കൂടാതെ അജണ്ട പ്രകാരമുള്ള തീരുമാനങ്ങൾ പാസാക്കുകയാണ് ഉണ്ടായത്.

B) കൌൺസിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിലെ കൃത്യതയില്ലായ്മ

കൌൺസിലിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തുന്ന മിനിറ്റ്സ് പരിപാലിക്കുന്നതിൽ കൃത്യതയില്ല. 07.03.2019 ലെ യോഗത്തിന് ശേഷം നടന്ന 16.03.2019 ലെ യോഗവിവരങ്ങൾ 18.03.2019, 01.04.2019, 29.04.2019, 06.05.2019 എന്നീ തിയതികളിലെ യോഗത്തിന്റെ വിവരങ്ങൾ ചേർത്തതിന് ശേഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ( ഖണ്ഡിക 1-13)

C) ഓഡിറ്റിന് രേഖകൾ ലഭ്യമാക്കാത്തത്

ആകെ 63 ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയതിൽ 31 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. കൂടാതെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ 147 പ്രൊജക്ടുകളിൽ 37 എണ്ണത്തിന്റെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല (ഖണ്ഡിക 1-39 )

D) രജിസ്റ്ററുകളുടെ പരിപാലനം

വാടക രജിസ്റ്റർ : വാടക രജിസ്റ്റർ പ്രകാരമുള്ള വാടക കുടിശ്ശികയും വാർഷികക്കണക്കിലെ വാടക കുടിശ്ശികയും പൊരുത്തപ്പെടുന്നില്ല.

ചെക്ക്/ഡിഡി രജിസ്റ്റർ : ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ മുഖേന ലഭിക്കുന്ന തുകകൾ ചെക്ക്/ഡിഡി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും മുഴുവൻ എൻട്രികളും രേഖപ്പെടുത്തുന്നില്ല. ചെക്ക് പണമാക്കിയ തിയതി, ബാങ്ക് കമ്മീഷൻ കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

E) വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തിയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് സ.ഉ(സാധാ)നം.540/2019/തസ്വഭവ തിയതി 06.03.2019 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം.6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 സെപ്റ്റംബറിനകം പൂർത്തീകരിക്കാൻ നിർദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും പാലക്കാട് നഗരസഭയിൽ പരിഷ്കരണം പൂർത്തിയായിട്ടില്ല.

നിരവധി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല. ചേർത്ത പല കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾക്ക് അനർഹമായ നികുതിയിളവുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് 1-16 മുതൽ 1-23 വരെയുള്ള ഖണ്ഡികകൾ കാണുക.

## 1-11 വാർഷികകണക്കുകളിലെ അപാകങ്ങൾ

1. ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. എല്ലാ അക്കൌണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.
3. ഓഡിറ്റ് പരിശോധനക്ക് ലഭിച്ച വസ്തുനികുതി, തൊഴിൽനികുതി (ട്രേഡേഴ്സ്) എന്നിവയുടെ രജിസ്റ്ററുകളിലെ സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. റവന്യൂ വരവ്, ചെലവ് കൃത്യത പരിശോധിക്കാനുതകും വിധം രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യപത്രികയിലെ ഡിപ്രീസിയേഷൻ എന്നിവ പരിശോധിക്കാനായില്ല.
6. ക്ഷേമ പെൻഷനുകൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കായി ലഭിക്കുന്ന സ്റ്റേറ്റ് സ്പോൺസേഡ് സ്കീം എന്നിവ റസീറ്റ് ആന്റ് പേയ്മെന്റ് അക്കൌണ്ടിൽ ചേർത്തിട്ടില്ല.
7. വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നിവയുടെ വരവ് ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
8. പ്രത്യേക ഉദ്ദേശങ്ങൾക്കുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
9. ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ഇൻ ടേംസ് ഓഫ് സ്റ്റേൽ ചെക്ക്സ് എന്ന ശീർഷകം ഉൾപ്പെടുത്തിയിട്ടില്ല. ഈയിനത്തിലെ തുകകളുടെ വിവരം പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
10. കേന്ദ്രാവിഷ്കൃത പദ്ധതികളായ AMRUT, PMAY, Ayyankali Urban Employment Guarantee Scheme, NULM എന്നിവയുടെ വരവ് ചെലവ് വാർഷിക ധനകാര്യപത്രികയിൽ വ്യക്തമല്ല. AUEGS-ലെ Wages & Administrative Expenses -AFS-ൽ പ്രത്യേകമായി ഇല്ല. AMRUT അക്കൌണ്ട് നീക്കിയിരിപ്പ് രജിസ്റ്ററും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. SSA, IHSDP എന്നീ പദ്ധതികളുടെ നീക്കിയിരിപ്പ് റീക്കൺസീലിയേഷൻ നടത്തിയിട്ടില്ല.
11. SBI (Census) അക്കൌണ്ടിന്റെ 2019-2020 ലെ നീക്കിയിരിപ്പ് കാലികമാക്കിയിട്ടില്ല.
12. ഓഡിറ്റ് റിക്കവറി രജിസ്റ്ററിലെ 2019-2020 വർഷത്തിലെ വരവ് വാർഷിക ധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.
13. ലൈബ്രറി സെസ്സ് ബാലൻസ് ഷീറ്റിൽ പോസ്റ്റീവ് ആയി ചേർത്തിരിക്കുന്നു.
14. KURDFC-യിൽ നിന്നുള്ള 16,00,00,000/-രൂപയുടെ വായ്പ വരവ് AFS-ൽ ഇല്ല. ബാലൻസ് ഷീറ്റിൽ ബാധ്യതയായി ചേർത്തിട്ടില്ല. ചെലവ് ഏത് ഹെഡിലാണെന്ന് വ്യക്തമല്ല. പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.
15. B9-Schedule-ൽ 3/2020 ശമ്പളം, റിക്കവറി എന്നിവ പരിശോധിക്കുവാൻ രേഖകളില്ല. ജനപ്രതിനിധികളുടെ ഹോണറേറിയം ചേർത്തിട്ടില്ല.

16. Income & Expenditure Statement-ൽ റവന്യൂ ചെലവുകൾക്കായി മാറ്റിവെച്ച തുകകളുടെ വിവരം ഇല്ല.
17. Prior Period Income Head റസീറ്റ് ആന്റ് പേയ്മെന്റിലും Income & Expenditure Statement-ലും ഇല്ല.
18. പ്രതിദിന കളക്ഷൻ തുക ബാങ്കിലടവാക്കുമ്പോൾ സാഖ്യയിൽ നടത്തേണ്ട കോൺട്രാ എൻട്രികൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം കാണുന്നു.

## 1-12 അക്കൌണ്ടിംഗിലെ അപാകങ്ങൾ

നഗരസഭയിൽ കാഷ് കൌണ്ടറിലൂടെ പ്രതിദിനം ലഭിക്കുന്ന തുകകൾ ബാങ്കിലടക്കുന്നുണ്ടെങ്കിലും സാംഖ്യയിൽ കോൺട്രാ എൻട്രി യഥാസമയം നടത്തുന്നില്ല. അതുകൊണ്ടുതന്നെ സാംഖ്യ പ്രകാരമുള്ള കാഷ് ബുക്കിൽ യഥാർത്ഥത്തിൽ ഇല്ലാത്ത, വളരെ വലിയ തുകകളാണ് കാഷ് നീക്കിയിരുപ്പായി രേഖപ്പെടുത്തിക്കാണുന്നത്. നിരവധി മാസങ്ങളിലെ കോൺട്രാ എൻട്രികളും വർഷാവസാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2019-20 വർഷത്തെ നിരവധി ദിവസങ്ങളിലെ കോൺട്രാ എൻട്രികൾ നടത്തിയിരിക്കുന്നത് 31.03.2020ൽ മാത്രമാണ്. 31.03.2020 ലെ കാഷ് ബുക്ക് താഴെ കൊടുക്കുന്നു.

**PALAKKAD MUNICIPALITY**
**CASH BOOK**
For the Period From 31-Mar-2020 To 31-Mar-2020

450100100 Cash

| Voucher No. | Head Code | Description | Subsidiary Ledger | V.Type | Debit | Credit |
|---|---|---|---|---|---|---|
| *31/Mar/2020* | | | | | | |
| | | **Opening Balance** | | | 20,299,564.00 | |
| 31900308 | 450210100 | SBI - OWN FUND (*cash deposited on 25/3/2020 no contra entry made now actd for afs*) | | C | | 41,177.00 |
| 31900309 | 450210100 | SBI - OWN FUND (*CASH DEPOSITED ON 18-3-2020 TO 24-3-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 2,879,077.00 |
| 31900310 | 450210100 | SBI - OWN FUND (*CASH DEPOSITED ON 11-3-2020 TO 17-3-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 3,871,783.00 |
| 31900311 | 450210100 | SBI - OWN FUND (*CASH DEPOSITED ON 6-3-2020 TO 10-3-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 3,476,661.00 |
| 31900312 | 450210100 | SBI - OWN FUND (*CASH DEPOSITED ON 2-3-2020 TO 5-3-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 3,023,994.00 |
| 31900313 | 450210100 | SBI - OWN FUND (*CASH DEPOSITED ON 24-2-2020 TO 29-2-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 7,478,009.00 |
| 31900314 | 450210100 | SBI - OWN FUND (*CASH DEPOSITED ON 15-2-2020 TO 20-2-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 3,866,402.00 |
| 31900315 | 450210100 | SBI - OWN FUND (*CASH DEPOSITED ON 10-2-2020 TO 14-2-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 4,539,173.00 |
| 31900316 | 450210100 | SBI - OWN FUND (*CASH DEPOSITED ON 3-2-2020 TO 7-2-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 2,871,358.00 |
| 31900317 | 450210100 | SBI - OWN FUND (*CASH DEPOSITED ON 24-1-2020 TO 30-1-2020 NO CONTRA ENTRY WAS MADE NOW ACCOUNTED FOR AFS*) | | C | | 2,145,732.00 |
| 31900318 | 450210100 | SBI - OWN FUND | | C | | 956,338.00 |

*Cash Book* *Page 1 of 3*

*Software Support: **Information Kerala Mission***

PALAKKAD MUNICIPALITY
CASH BOOK
For the Period From 31-Mar-2020 To 31-Mar-2020

450100100 Cash

| Voucher No. | Head Code | Description | Subsidiary Ledger | V.Type | Debit | Credit |
|---|---|---|---|---|---|---|
| | | (*CASH DEPOSITED ON 07/09/19 NOT ENTERED BY CASHIER THEREFORE ENTERED NOW FOR AFS*) | | | | |
| 31900319 | 450210100 | SBI - OWN FUND<br>(*CASH DEPOSIT ON 05/10/2019 NO CONTR ENTRY MADE CASHIER THEREFORE NOW ENTERED FOR AFS*) | | C | | 295,043.00 |
| 31900320 | 450210100 | SBI - OWN FUND<br>(*duplication contra rectified*) | | C | 85,953.00 | |
| 31900321 | 450210100 | SBI - OWN FUND<br>(*duplication contra rectified*) | | C | 375,461.00 | |
| 31900322 | 450210100 | SBI - OWN FUND<br>(*contra entry not entered now entered for afs*) | | C | | 17,156.00 |
| 31900323 | 450210100 | SBI - OWN FUND<br>(*duplication of contra entry rectified*) | | C | 14,541,695.00 | |
| 31900324 | 450210100 | SBI - OWN FUND<br>(*contra entry for adjustment rectified*) | | C | 323,460.00 | |
| 21901532 | 250400900 | Development Fund Programmes - Electricity &Energy<br>(*Project:324 water charge bill, Electric bill*)<br>*Paid to 19140147001401666568* | | P | | 11,294.00 |
| 21901533 | 250400900 | Development Fund Programmes - Electricity &Energy<br>(*Project:324 water charge bill, Electric bill*)<br>*Paid to 19140147001401666054* | | P | | 28,629.00 |
| 21902058 | 210200204 | Other allowances - Permanent Staff<br>(*Hra Refund To Excess Pay Of Lose Of Pay*)<br>*Paid to Binusha S* | | P | | 1,250.00 |
| 21902058 | 210200204 | Other allowances - Permanent Staff<br>(*Hra Refund To Excess Pay Of Lose Of Pay*)<br>*Paid to Binusha S* | | P | | 1,250.00 |
| 119870100005 | 160100402 | Maintenance Fund - Non-Road Assets<br>(*Project:324 water charge bill, Electric bill*)<br>*Payee 19140147001401666568* | | R | 11,294.00 | |
| 119870100006 | 160100402 | Maintenance Fund - Non-Road Assets<br>(*Project:324 water charge bill, Electric bill*)<br>*Payee 19140147001401666054* | | R | 28,629.00 | |
| | | ***Daily Counter Collection*** | | | | |

*Cash Book* *Page 2 of 3*

*Software Support:* ***Information Kerala Mission***

2020 ഫെബ്രുവരി മാർച്ച് മാസങ്ങളിലെ നിരവധി ദിവസങ്ങളിലെ വരവുകൾ ഒരുമിച്ച് കണക്കാക്കി 31.03.2020 നാണ് കോൺട്രാ എൻട്രികൾ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ "Duplication Of Contra Entry Rectified" എന്ന് രേഖപ്പെടുത്തി 1,53,26,569 രൂപ കുറവ് ചെയ്ത് അഡ്ജസ്റ്റ്മെന്റ് എൻട്രികൾ നടത്തിയിട്ടുമുണ്ട്. ഓരോ ദിവസവും ലഭിക്കുന്ന തുകകൾ കൃത്യമായി അതാത് ദിവസം തന്നെ കോൺട്രാ എൻട്രി രേഖപ്പെടുത്താതെ വർഷാവസാനം ഒരുമിച്ച് രേഖപ്പെടുത്തുന്നത് അഭികാമ്യമല്ല. അക്കൌണ്ടിംഗുമായി ബന്ധപ്പെട്ട പ്രാഥമികമായ എൻട്രികൾ പോലും യഥാസമയം നടത്താത്തത് വളരെ ഗൌരവതരമായ വീഴ്ചയാണ്. പ്രതിമാസ റീകൺസിലിയേഷൻ കൃത്യമായി നടത്തുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൌണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഓരോ ദിവസത്തേയും കാഷ് ബുക്ക് ബാലൻസും യഥാർത്ഥ കാഷ് ബാലൻസും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ സാംഖ്യ പ്രകാരമുള്ള ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാഖ്യ സോഫ്റ്റ് വെയർ നിലവിൽ വന്ന ശേഷവും മാന്വൽ കാഷ് ബുക്ക് ഉപയോഗിച്ച് വരുന്നുണ്ട്.

കോൺട്രാ എൻട്രികൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ ദിവസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രതിമാസ റീകൺസിലിയേഷൻ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 കൌൺസിൽ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

2019-20 വർഷത്തെ കൌൺസിൽ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ നിന്ന് മുനിസിപ്പൽകൌൺസിലിന്റെ യോഗ തീരുമാനങ്ങൾ കൃത്യമായി മിനിറ്റ്സിൽ രേഖപ്പെടുത്തുന്നില്ലെന്ന് കാണുന്നു. 07.03.2019 ൽ കൌൺസിൽ യോഗത്തിന്റെ വിവരങ്ങൾ ചേർത്തശേഷം നടന്ന 16.03.2019 ലെ യോഗത്തിന്റെ വിവരങ്ങൾ ചേർത്താതെ 18.03.2019, 01.04.2019, 29.04.2019, 06.05.2019 എന്നീ ദിവസങ്ങളിൽ നടന്ന യോഗത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയും, 16.03.2019 ലെ വിവരങ്ങൾ അതിനുശേഷം ചേർക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തിയതി | മിനിറ്റ്സ് ബുക്ക് നം | പേജ് നമ്പർ |
|---|---|---|
| 07/03/2019 | 61 | 108-117 |
| 18/03/2019 | 61 | 118-129 |
| 01/04/2019 | 61 | 130-133 |
| 29/04/2019 | 61 | 134-141 |
| 06/05/2019 | 61 | 143-145 |
| 16/03/2019 | 61 | 146-153 |

ഓരോ യോഗത്തിന് ശേഷവും തീരുമാനങ്ങൾ യഥാസമയം മിനിറ്റ്സിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 കുടിശ്ശികകൾ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭക്ക് ലഭിക്കേണ്ട നികുതി-നികുതിയേതര വരവുകൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2019-20 ലെ വാർഷികക്കണക്ക് (ബാലൻസ് ഷീറ്റ് ലെ ബി-15 ഷെഡ്യൂൾ) പ്രകാരം നഗരസഭക്ക് വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട തുകകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| Property Tax – Current | 4,92,96,471 |
| Property Tax – Arrears | 8,01,595 |
| Profession Tax – Current | 21,24,999 |
| Profession Tax – Arrears | 5,81,38,888 |
| Advertisement Tax - Arrears | 9,07,808 |
| License Fees – Current | 22,67,691 |
| License Fees – Arrears | 1,51,259 |
| Other Fees – Arrears | 10,88,814 |
| Rent From Civic Amnities – Current | 1,36,88,494 |
| Rent From Civic Amnities – Arrears | 12,00,176 |
| TOTAL | 12,96,66,195 |

തനത് വരുമാനമായി ലഭിക്കേണ്ട തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 സ്ഥിരനിക്ഷേപം വാർഷികക്കണക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല

എ) നഗരസഭയിൽ ആധുനിക അറവുശാല നിർമ്മാണത്തിനായി നഗരകാര്യ വകുപ്പ് മുഖേന 24.03.2011 ലെ ഡി.ഡി നം. 149832 പ്രകാരം 44,75,000 രൂപയും 09.01.2014 ലെ ഡി.ഡി നം. 970459 പ്രകാരം 50,00,000 രൂപയും ധനസഹായം നൽകി. ടി തുകകൾ സ്ഥിരനിക്ഷേപമായി പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയും പലിശ സഹിതം പുനർ നിക്ഷേപിക്കുകയും ചെയ്തുവരുന്നുണ്ട്. 2019-20 ലെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു (പഞ്ചാബ് നാഷണൽ ബാങ്ക് 13.02.2020 ൽ നൽകിയ Interest Certificate പ്രകാരമുള്ളത്).

| ക്രമ നം | സ്ഥാപനത്തിന്റെ പേര്, നം | കാലയളവ് | തുക |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് 426000OR00001752 | 30.01.2020 - 30.07.2020 | 67,22,633 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് 426000DP00002396 | 01.06.2019 - 01.06.2020 | 84,20,146 |
| ആകെ | | | 1,51,42,779 |

മേൽ സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ സാംഖ്യയിൽ വരവുവെച്ചിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ പലിശ സഹിതം പുനർ നിക്ഷേപിക്കുന്നതിന്റെ വിവരങ്ങൾ ചേർക്കാത്തതിനാൽ നഗരസഭയുടെ 2019-20 ലെവാർഷികക്കണക്ക് പ്രകാരം (ബാലൻസ് ഷീറ്റ് B-13 ഷെഡ്യൂൾ) ഇപ്പോഴും 1,17,45,749 രൂപ മാത്രമാണ് സ്ഥിരനിക്ഷേപമായി രേഖപ്പെടുത്തിയിരിക്കുന്നത്. 31/03/2016 നാണ് അവസാനമായി സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ വാർഷികക്കണക്കിൽ അപ്ഡേറ്റ് ചെയ്തിരിക്കുന്നത്. സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ വാർഷികക്കണക്കിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ 7,25,400 യുടെ സ്ഥിരനിക്ഷേപം (നം:426000PU00006401, Maturity Date: 28/04/2020) ഉണ്ടെന്ന് 13.02.2020 ൽ ബാങ്ക് നൽകിയ Interest Certificate ൽ കാണുന്നു. ഇത്തരത്തിലൊരു സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷികക്കണക്കിൽ കാണുന്നില്ല. നഗരസഭയിലുള്ള ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ടി സ്ഥിര നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങളൊന്നും ചേർത്തിട്ടുമില്ല. ആയതിനാൽ എന്തിനുവേണ്ടി എന്ന് നടത്തിയ സ്ഥിരനിക്ഷേപമാണിതെന്ന് വ്യക്തമല്ല. വാർഷികക്കണക്കിലും രജിസ്റ്ററിലും ചേർക്കാത്തതിനാൽ സ്ഥിര നിക്ഷേപ തുക അന്യാധീനപ്പെടാൻ സാധ്യതയുണ്ട്. സ്ഥിരനിക്ഷപം നടത്തിയതിന്റെ വിശദാംശങ്ങൾ വാർഷികക്കണക്കിലും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലും ചേർത്ത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തിയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് സ.ഉ(സാധാ)നം.540/2019/തസ്വഭവ തിയതി 06.03.2019 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം.6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 സെപ്റ്റംബറിനകം പൂർത്തീകരിക്കാൻ നിർദേശിച്ചിരുന്നു.

എന്നാൽ പാലക്കാട് നഗരസഭയിൽ മേൽ നടപടികൾ നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് പരിശോധനയുടെ ഭാഗമായി 2 വാർഡുകളിലെ മാത്രം സഞ്ചയ പ്രകാരമുള്ള അസസ്സ്മെന്റുകൾ പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ കാണുന്നില്ല. 41, 52 എന്നീ രണ്ട് വാർഡുകളിലെ സഞ്ചയയിൽ ഇല്ലാത്ത കെട്ടിടങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| വാർഡ് നം | സഞ്ചയ പ്രകാരമുള്ള അസസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ലാത്ത കെട്ടിട നമ്പറുകൾ |
|---|---|
| 52 | 200, 201, 234, 239, 240, 241, 243, 244, 246, 247, 262, 263, 264, , 268, 269, 270, 285, 286, 416, 417, 434, 460, 478, 584, 589, 612, 618,619, 620, 621, 623, 624, 625, 629, 631, 632, 639, 644, 726, 732, 733, 759, 764, 803, 804, 807, 816, 829 |
| 41 | 4-5, 95-97, 160-161, 166-168, 450-455, 467, 471, 535, 608, 670, 679-683, 695, 737, 747, 851, 854, 857, 1018, 1091-1100, 1185, 1203-1208, 1243, 1324-1328, 1364-1370, 1416-1417, 1439, 1486, 1810-1813, 1989, 2083, 2145, 2190, 2349-2350, 2382, 2431-2432, 2534-2536, 2647 |

മേൽ കെട്ടിടങ്ങൾ ഡെമോളിഷ് ചെയ്തതായി സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. എന്തുകൊണ്ടാണ് മേൽ കെട്ടിടങ്ങളുടെ ഡാറ്റ എൻട്രി നടത്താതിരുന്നത് എന്ന് വിശദീകരിക്കേണ്ടതും നഗരസഭയിലെ എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ എൻട്രി സഞ്ചയയിൽ നടത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകങ്ങൾ

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭയിലെ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ പല കെട്ടിടങ്ങളുടേയും നികുതി നിർണ്ണയിച്ചതിൽ അപാകങ്ങൾ കാണുകയുണ്ടായി (ഓഡിറ്റ് അന്വേഷണം നം:56/13.08.2021, മറുപടി ലഭ്യമാക്കിയിട്ടില്ല). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-17-1 വാർഡ് നം:17, കെട്ടിട നം: 313/1, 2, 3, 4 – വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

നഗരസഭയിലെ 17-നരികുത്തി വാർഡിൽ ഉള്ള എ.എച്ച് ഇക്ബാൽ, മുഹമ്മദ് ഇക്ബാൽ, റീന ഇക്ബാൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 313/1, 2, 3, 4 എന്നീ നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്യൂട്ടിമാർക്ക് ഗോൾഡ് & ഡയമണ്ട് എന്ന സ്ഥാപനത്തിന് നഗരസഭ ലൈസൻസ് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയം താഴെക്കൊടുക്കുന്നു.

| നം | തറ വിസ്തീർണ്ണം | ഉപയോഗം | ഈടാക്കിയ നികുതി നിരക്ക് |
|---|---|---|---|
| 313/1 | 699.43 $M^2$ - താഴത്തെനില | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | Rs.70/$m^2$ |
| 313/2 | 330.48 $M^2$ - ഒന്നാം നില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.70/$m^2$ |
| 313/3 | 216.01 $M^2$ - താഴത്തെ നില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.90/$m^2$ |

| | | | |
|---|---|---|---|
| 313/4 | 271.55 $M^2$ - രണ്ടാം നില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.70/$m^2$ |

A) 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി നമ്പർ നൽകാവുന്നതും വസ്തുനികുതി ചുമത്താവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച നാല് കെട്ടിടങ്ങളും ഒരു ഉപയോഗക്രമമുള്ള ഒറ്റ കെട്ടിടമാണെന്നിരിക്കെ വെവ്വേറെ നമ്പറുകൾ നൽകിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്.

B) 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുണ്ടായിട്ടും 313/1, 313/2, 313/4 എന്നീ കെട്ടിടങ്ങളുടെ ഉപയോഗക്രമം 100 ചതുരശ്ര മീറ്റർ വരെ എന്ന് തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം 200 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 140 രൂപയാണ് ഈടാക്കേണ്ടത് എന്നിരിക്കെ ചതുരശ്രമീറ്ററിന് 70 രൂപ മാത്രം ഈടാക്കിയതിലൂടെ നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടായി.

C) 313/1, 313/4 എന്നീ കെട്ടിടങ്ങൾക്ക് മാത്രമാണ് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകിയിരിക്കുന്നത്. മറ്റ് രണ്ട് കെട്ടിടങ്ങൾക്കും വർദ്ധനവ് നൽകിയിട്ടില്ല.

D) എയർ കണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഒരു കെട്ടിടത്തിനും നൽകിയിട്ടില്ല.

മേൽ സ്ഥാപനത്തിന്റെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതും, അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-17-2 വാർഡ് : 41, കെട്ടിട നം: 1611 മുതൽ 1620 വരെ - വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

വാർഡ് 41 ൽ കെട്ടിട നമ്പർ 1611 മുതൽ 1620 വരെയുള്ള കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന അക്ഷയ ഗോൾഡ് & ഡയമണ്ട് എന്ന സ്ഥാപനത്തിന് നഗരസഭ ലൈസൻസ് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു (സഞ്ചയ പ്രകാരമുള്ളത്).

| നം | തറ വിസ്തീർണ്ണം | ഉപയോഗം | ഈടാക്കിയ നികുതി നിരക്ക് |
|---|---|---|---|
| 1611 | 166.62 $M^2$ - താഴത്തെനില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.90/$m^2$ |
| 1612 | 93.96 $M^2$ - താഴത്തെനില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.70/$m^2$ |
| 1613 | 166.42 $M^2$ - താഴത്തെനില | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | Rs.90/$m^2$ |
2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III ബി യിൽ കരാർ ചമയ്ക്കേണ്ടതാണെന്ന നിർദ്ദേശമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാമുള്ള 685 കടമുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് വാടകക്കാരുമായി ഒപ്പു വച്ചിട്ടുള്ള വാടകകരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരാറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 ലൈഫ് മിഷൻ പദ്ധതി- മൂന്നാം ഘട്ടം നടപ്പാക്കിയതിലെ അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമാണ് നടത്തി വരുന്നത്. ആദ്യ രണ്ട് ഘട്ടങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട് ധനസഹായം നൽകിയ ഗുണഭോക്താക്കളിൽ ലഭിച്ച് പണി പൂർത്തീകരിക്കാത്തവരാണ് മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. ടി ഗുണഭോക്താക്കൾ മൂന്നാം ഘട്ടാവസാനവും വീട് പണി പൂർത്തീകരിച്ചിട്ടില്ല എന്നത് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികളിൽ ചേർക്കുന്നു.

## 1-29-1 പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ

ഓരോ ഗുണഭോക്താവിനും 2019-20 ൽ വിവിധ ഗഡുക്കളായി നൽകിയ തുക നോട്ട് ഫയലിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ഓരോ വ്യക്തിക്കും ഏതൊക്കെ ഗഡുക്കൾ അനുവദിച്ചുവെന്നോ, വീടുപണിയുടെ പുരോഗതി സംബന്ധിച്ച രേഖപ്പെടുത്തലുകളോ, ഇനി ബാക്കി എത്ര തുക അനുവദിക്കാനുണ്ട് എന്ന വിവരങ്ങളോ രേഖപ്പെടുത്തിയ അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകങ്ങൾ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെങ്കിലും, ആയത് നാളിതുവരെ പരിഹരിച്ചിട്ടില്ല.

## 1-29-2 പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

ലൈഫ് മിഷൻ ആദ്യ ഘട്ടത്തിൽ വിവിധ ഭവന പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റി വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നേരിട്ട് നൽകി വീട് പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ 2019-20 വർഷത്തിൽ ഹാജാക്കിയ ഗുണഭോക്തൃ ലിസ്റ്റ് 2017-18 മുതലുള്ള ലിസ്റ്റാണെങ്കിലും, ചില ഗുണഭോക്താക്കൾ നാളിതുവരെ വീട് പണി പൂർത്തീകരിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കേണ്ട ചുമതല ത്വരിതപ്പെടുത്തുവാൻ കർമ്മസമിതി രൂപീകരിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യിട്ടില്ല.

11-10-2017 ലെ സർക്കാർ ഉത്തരവ് നം. 196/2017/ ത.സ്വ.ഭ.വ. ലെ നിർദ്ദേശിച്ച പ്രകാരം മുൻ വർഷങ്ങളിൽ ഭവനനിർമ്മാണ ഗഡുക്കൾ ഭാഗികമായി ലഭിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തേയും വിലയിരുത്തി ഭവനം പൂർത്തീകരിക്കേണ്ട ചുമതല ത്വരിതപ്പെടുത്തുവാൻ വേണ്ടി വാർഡ് മെമ്പർ കൺവീനറായിട്ടുള്ള കർമ്മസമിതി രൂപീകരിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യിട്ടില്ല. ഇത്തരം വീഴ്ച്ച സംഭവിച്ചതിനാലാണ് ലൈഫ് മിഷൻ മൂന്നാം ഘട്ടാവസാനത്തിലും (2019-20), ആദ്യ ഘട്ടത്തിലുൾപ്പെട്ട (2017-18) ഗുണഭോക്താക്കൾ ഭവന നിർമമാണം പൂർത്തീകരിക്കാത്തത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | മുൻ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഗുണഭോക്താവ് കൈപ്പറ്റിയ തുക | 2019-20 ൽ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| കമലാക്ഷി വാർഡ് 19 | 67500 | 85000 | ഏത് ഗഡു എന്ന് |

| | | | |
|---|---|---|---|
| | | | വ്യക്തമല്ല |
| രമണി വാർഡ് 20 | 180000 | 400 00 | ഏത് ഗഡു എന്ന് വ്യക്തമല്ല |
| താജുന്നീസ വാർഡ് 36 | 40000 | 40000 | ഏത് ഗഡു എന്ന് വ്യക്തമല്ല |
| ഇക്ക്ബാൾ വാർഡ് 36 | 25000 | 100000 | (3-ാം ഗഡു) |
| ടി.കെ സുലൈമാൻ വാർഡ് 36 | 52500 | 180000 | (3-ാം ഗഡു) |
| ഗൗരി രാജൻ വാർഡ് 51 | 140000 | 20000 | (4-ാം ഗഡു) |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-29-3 സർക്കാർ നിർദേശിച്ചതിലും അധികം തുക അനുവദിച്ചു

25-04-2018 ലെ സർക്കുലർ നമ്പർ 336 ഡി.ബി.1/18/തസ്വഭവ ഉത്തരവിൽ നിർദ്ദേശിക്കുന്നത് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുമ്പോൾ നിലവിലെ യൂണിറ്റ് നിരക്കായ 4 ലക്ഷം രൂപയിൽ ഗുണഭോക്താക്കൾക്ക് മുമ്പ് നൽകിയിട്ടുള്ള തുക എത്ര ശതമാനമാണെന്ന് കണക്കാക്കി ബാക്കി തുകകൾ അനുവദിക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ഉത്തരവിലെ നിർദ്ദേശപ്രകാരം കണക്കാക്കിയിട്ടല്ല മറ്റു ഗഡുക്കൾ അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് | മുൻ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഗുണഭോക്താവ് കൈപ്പറ്റിയ തുക | 2018-19 ൽ കൈപ്പറ്റിയ ഗഡു & തുക | 2019-20 ൽ കൈപ്പറ്റിയ ഗഡു & തുക | പൂരുക്കിയ നിരക്കിൽ അർഹമായ തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| ശോഭ വിനോദ് കുമാർ<br>വാർഡ് 48 | 200000 | തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല | 100000 (2nd Instalment)<br>180000 (3rd Instalment)<br>80000 (4th Instalment) | ഒന്നാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിന് മുഴുവൻ തുകയും കൈപ്പറ്റിയതിനാൽ വീണ്ടും ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയില്ല. | 360000 |

നൽകിയ 63/2021/13.10.2021 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മേൽ അപാകങ്ങൾ സംബന്ധിച്ചും അധികം അനുവദിച്ച 360000രൂപ സംബന്ധിച്ചും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുകയായ 360000 തടസ്സപ്പെടുത്തുന്നു.

## 1-30 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഫയൽ നമ്പർ - E8- 14820/18 (E8-51212/19)

പ്രോജക്ട് നമ്പർ- 754/2020- സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ-₹.10,00,000 (മെയിന്റൻസ് ഗ്രാന്റ് - നോൺ റോഡ്)

ബിൽ നമ്പർ-183/27.12.2019- ₹.998128/- (2019-20 Q- Bill, Encashment Date 5.6.2020)

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

2019-20 വർഷത്തിൽ നഗരസഭയിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി മേൽ പ്രൊജക്ട് പ്രകാരം 998128 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ് | എസ്റ്റിമേറ്റ് തുക | കെ എസ് ഇ ബി സെക്ഷൻ |
|---|---|---|---|
| 1 | 37 | 32450 | മേലാമുറി |
| 2 | 36 | 149468 | ബിഗ് ബസാർ |
| 3 | 16 | 27406 | ബിഗ് ബസാർ |
| 4 | 31 | 52928 | ബിഗ് ബസാർ |
| 5 | 23 | 59004 | സുൽത്താൻപേട്ട |
| 6 | 28 | 61360 | സുൽത്താൻപേട്ട |
| 7 | 35 | 173729 | മേലാമുറി |
| 8 | 38 | 27789 | മേലാമുറി |
| 9 | 10 | 8220 | മരുതറോഡ് |
| 10 | 26 | 25410 | സുൽത്താൻപേട്ട |
| 11 | 27 | 125033 | സുൽത്താൻപേട്ട |
| 12 | 10 | 1505 | മരുതറോഡ് |
| 13 | 10 | 19385 | മരുതറോഡ് |
| 14 | 7 | 44459 | കൽപ്പാത്തി |
| 15 | 29 | 117666 | ബിഗ് ബസാർ |
| 16 | 29 | 21377 | ബിഗ് ബസാർ |
| 17 | 29 | 30394 | ബിഗ് ബസാർ |
| 18 | Phase Conversion At GHSS Kumarapuram | 10502 | കൽപ്പാത്തി |
| 19 | Drawing Singlephase 3 Wire OH Line -26M Ward 19 | 10043 | കൽപ്പാത്തി |
| | ആകെ | 998128 | |

സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം മുഴുവനായും ലഭിച്ചിട്ടില്ല. നോട്ട് ഫയലിലെ 26.9.2019ലെ രേഖപ്പെടുത്തൽ അനുസരിച്ച് സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുന്നതിനായി സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിന് അനുമതി തേടിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/04.01.2021) വിനിയോഗ സാക്ഷ്യപത്രങ്ങൾ ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്. എഗ്രിമെന്റ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുമില്ല.

2016-17 മുതൽ 2019-2020 വരെ ഇത്തരത്തിൽ കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് ചെയ്ത് നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/04.01.2021) മറുപടിയിൽ 2016-17 ലെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും, 2017-18, 2018-19, 2019-20 വർഷങ്ങളിലെ വിനിയോഗ സാക്ഷ്യപത്രം ഭാഗികമായി മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പായി എഗ്രിമെന്റ് വെക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, 2016-17 മുതലുള്ള എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഡെപ്പോസിറ്റ് തുകയിൽ നിർവ്വഹണത്തിനു ശേഷം ബാക്കി തുകയുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരങ്ങൾ

ലഭ്യമാക്കുന്നില്ല

പ്രൊജക്ട് നം:232/2019-20, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ

ബിൽ നം:64/26.07.2019

നിർവഹണ ഉദ്യോഗസ്ഥൻ: അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

2019-20 വർഷത്തിൽ നഗരസഭയിലെ 9 വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി 9,76,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയും വാട്ടർ അതോറിറ്റിയും തമ്മിൽ ചമച്ച കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ നഗരസഭക്ക് യഥാസമയം ലഭ്യമാക്കുന്നില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 34). തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 976000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 മുതൽ നഗരസഭ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾക്ക് നാളിതുവരെയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തുക (Rs) |
|---|---|
| 2016-17 | 23,25,000 |
| 2017-18 | 88,59,855 |
| 2018-19 | 21,72,880 |

കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് യഥാസമയം തന്നെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്കായി മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു

ബിൽ നം : 64/2019-20, തി.30-07-2019

തുക : 976000

പ്രൊജക്ട് : 232/19-20, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ

2019-20 സാമ്പത്തിക വർഷത്തിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം നഗരസഭയിലെ 1, 10, 13, 15, 17, 21, 42, 50 എന്നീ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്കായി 9,76,000 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടിന് തുക വകയിരുത്തിയിരിക്കുന്നതും തുക ചെലവഴിച്ചിരിക്കുന്നതും 'മെയിന്റനൻസ് ഗ്രാന്റ് - റോഡ് ' ഫണ്ടിൽ നിന്നുമാണ്. പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്കായി മേൽ ശീർഷകത്തിൽ നിന്ന് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-48/24.02.2021)പ്രൊജക്ട് തയ്യാറാക്കി സമർപ്പിക്കുന്ന വേളയിൽ വന്ന പിഴവാണെന്നും ഡെപ്പോസിറ്റ് വർക്ക് ആയതിനാൽ കൂടുതൽ പരിശോധന നടത്താതെ ഡെപ്പോസിറ്റ് ചെയ്തതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-33 ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രൊവിഡന്റ് ഫണ്ട് വിഹിതം അതത് മാസം സി.പി.എഫ് അക്കൗണ്ടിൽ അടവാക്കുന്നില്ല

ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രൊവിഡന്റ് ഫണ്ട് വിഹിതം ഓരോ മാസവും 15-ാം തീയതിക്കകം സിപിഎഫ് അക്കൗണ്ടിൽ അടവ് വരുത്തേണ്ടതാണ്. എന്നാൽ 25-06-2019ലെ നഗരകാര്യവകുപ്പ് ഡയറക്കറുടെ PF2-786/2017നമ്പർ കത്ത് പ്രകാരം 11/2016 മുതൽ 03/2017 വരെയുള്ള കാലയളവിൽ പാലക്കാട് നഗരസഭ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പ്രൊവിഡന്റ് ഫണ്ടിനത്തിൽ റിക്കവറി നടത്തുന്ന തുക യഥാസമയം പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ലെന്നും, ഈകാലയളവിൽ ജീവനക്കാർക്ക് പ്രസ്തുത അക്കൗണ്ടിൽ ലഭിക്കേണ്ട പലിശയിനത്തിൽ 59,439രൂപ നഷ്ടമായിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. കത്തിലെ നിർദ്ദേശപ്രകാരം 2306/8-8-2019 നമ്പർ നഗരസഭ കൗൺസിൽ തീരുമാനത്തിൽ ജീവനക്കാർക്ക് പ്രസ്തുത അക്കൗണ്ടിൽ നഷ്ടമായിട്ടുള്ള പലിശ തുക സിപിഎഫ് അക്കൗണ്ടിൽ അടവാക്കാൻ തീരുമാനിച്ചിട്ടുണ്ട് (2019-20 വർഷം തുക അടവാക്കിയിട്ടില്ല). പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രൊവിഡന്റ് ഫണ്ട് വിഹിതം ഓരോ മാസവും കൃത്യമായി അടവാക്കാത്തതിനാൽ ജീവനക്കാർക്ക് സംഭവിക്കുന്ന പലിശനഷ്ടം തനത് ഫണ്ടിൽ നിന്നും ഒടുക്കുന്ന നടപടി അംഗീകരിക്കാനാവില്ല. യഥാസമയം തന്നെ പ്രൊവിഡന്റ് ഫണ്ട് തുക കൃത്യമായി സിപിഎഫ് അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 സേവന പുസ്തകം പരിശോധനയ്ക്കായി സമർപ്പിക്കുന്നതിലെ നടപടിക്രമങ്ങളിലെ

## അപാകങ്ങൾ

നഗരസഭയിലെ റെഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ യഥാസമയം പരിശോധനക്കായി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ഉദാ:-

ശ്രീ. അബ്ദുൾ കരീം-ഹെൽത്ത് ഇൻസ്പെക്ടർ (GR I )

പാലക്കാട് നഗരസഭയിൽ ജീവനക്കാരനായ ശ്രീ. അബ്ദുൾ കരീം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ന്റെ സേവന പുസ്തകം പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

D.O.B :15.07.1963

D.O.J : 20.10.1986 (Provisional Appointment)

: 12.04.1991 (മുനിസിപ്പൽ കണ്ടിൻജന്റ് സർവീസിൽ പ്രവേശിച്ചു)

D.O.R : 31.07.2019

1996 ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് - കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ ചട്ടം 9 അനുസരിച്ച് വിരമിക്കുന്ന ജീവനക്കാരന്റെ സേവന രേഖകൾ വിരമിക്കുന്നതിന് ഒരു വർഷം മുൻപ് പെൻഷൻ പേപ്പറുകൾ 1959- ലെ കേരള സർവീസ് ചട്ടങ്ങൾ പാർട്ട് -3- ലെ വ്യവസ്ഥകൾക്കനുസൃതമായും, നിശ്ചിത ഫോറത്തിലും തയ്യാറാക്കി സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സേവന പുസ്തകം ജോലിയിൽ പ്രവേശിച്ചത് മുതൽ ശമ്പള നിർണ്ണയം നടത്താതെ 20.06.2019 ലാണ് ഹാജരാക്കിയത്. ആയതിൽ താഴെ പറയുന്ന ഉത്തരവുകളുടെ/ രേഖകളുടെ അഭാവത്താൽ ടിയാന്റെ ശമ്പള നിർണ്ണയം നടത്തുന്നതിനോ അംഗീകരിക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

1. 20.10.1986 മുതൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ടിയാന്റെ താൽകാലിക സർവീസ് പരിഗണിച്ച് ഇൻക്രിമെന്റ് ഗ്രേഡ് എന്നിവ അനുവദിക്കുവാൻ കോടതി വിധി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 15.03.2011 ലെ ഡിഎംഎ യുടെ ഇ-515311/08 നമ്പർ ഉത്തരവ് പ്രകാരം ഇൻക്രിമെന്റ് ഗ്രേഡ് എന്നിവ കണക്കാക്കി അംഗീകരികാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ഉത്തരവ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ശമ്പള നിർണ്ണയം നടത്തുന്നതിനോ അംഗീകരിക്കുന്നതിനോ കഴിഞ്ഞിട്ടില്ല.
2. 23 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള RJD യുടെ ഉത്തരവ്
3. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സ്ഥാനക്കയറ്റം നൽകിയ ഉത്തരവ്
4. പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരം
5. 23.02.2005 മുതൽ 23.04.2005 വരെയുള്ള സസ്പെൻഷൻ കാലയളവ്ക്രമീകരിച്ച ഉത്തരവ്

സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുവാൻ മേൽ രേഖകൾ/ ഉത്തരവുകൾ ആവശ്യമായതിനാൽ ആയത് കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ 11.11.2019 ലെ കെ.എസ്.എ /പി.കെ.എം /എ2-261/2019, 07.08.2020 ലെ കെ.എസ്.എ/പി.കെ.എം/എ2-149/2020 എന്നീ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൽ

1. മുനിസിപ്പാലിറ്റി ജീവനക്കാരുടെ സേവന പുസ്തകം ശമ്പള നിർണ്ണയം അംഗീകരിക്കുന്നതിന് യഥാസമയം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കാലാകാലങ്ങളിൽ വരുന്ന ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായി എല്ലാ ജീവനക്കാരുടെയും ശമ്പള നിർണ്ണയം അംഗീകരിച്ച് കാലികമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 9 അനുസരിച്ച് പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതിലെ വീഴ്ച വരുത്തുന്നതിൽ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യത്- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ -PW6-21768/13

ബഹു. കേരള ഹൈക്കോടതിയുടെ WP(C) 22750/18 നമ്പർ കേസിലെ ഉത്തരവിൽ റോഡരികിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യാനും, ഉടമകളിൽ നിന്നും പിഴ ഈടാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റിലെ 271 മുതൽ 276 സെക്ഷനുകൾ അനുസരിച്ച് അനധികൃത പരസ്യങ്ങളും ബോർഡുകളും നീക്കം ചെയ്യേണ്ടതും നീക്കം ചെയ്യുന്നതിനുള്ള ചെലവ് പരസ്യം സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. 2017ൽ പരസ്യ നികതി നിർത്തലാക്കിയെങ്കിലും അനധികൃത പരസ്യങ്ങളും ബോർഡുകളും സംബന്ധിച്ച്

സെക്ഷനുകൾ മുനിസിപ്പാലിറ്റി ആക്ടിൽ നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ ആക്ട് പ്രകാരമുള്ള പിഴ ഈടാക്കുകയും മറ്റ് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

25.10.2019 ന് നഗരസഭ തങ്ങളുടെ മേലധികാരികൾക്ക് സമർപ്പിച്ച കണക്കനുസരിച്ച് 4910 പരസ്യബോർഡുകൾ നീക്കം ചെയ്യുകയും ₹.450 പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത പരസ്യങ്ങൾ ഉടമകൾക്ക് തിരികെ നല്കുകയോ, ലേലം ചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്നതിനെക്കുറിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/04.01.2021) മറുപടി ലഭിച്ചില്ല.

## 1-36 വാർഡ് സഭ മിനിറ്റ്സ് പരിശോധന-അധികാര വികേന്ദ്രീകരണം, ആസൂത്രണം കാര്യക്ഷമമാക്കണം

2019-20 വർഷത്തെ വാർഡ് സഭാ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായ കാര്യങ്ങൾ താഴെ ചേർക്കുന്നു. 2019-20ൽ ഓരോ വാർഡിലും 3 വാർഡ്സഭ വീതം കൂടിയിട്ടുണ്ട്. വാർഡ്സഭകളിൽ രണ്ട് എണ്ണത്തിൽ മാത്രമാണ് ക്വോറം തികഞ്ഞിട്ടുള്ളത്. വാർഡിലെ വോട്ടർമാരുടെ എണ്ണത്തിന്റെ 10 % പേരെങ്കിലും ഉണ്ടായിരിക്കണം എന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.വാർഡ് സഭ മിനിറ്റ്സ് ബുക്ക് അനുസരിച്ച് അഞ്ച് ശതമാനത്തിനടുത്ത് മാത്രമാണ് ജനപങ്കാളിത്തം ഉള്ളത്. 2018-19 വർഷത്തെ പദ്ധതികളുടെ ഭേദഗതികളുടെ അംഗീകാരം, 2019-2020 ലേക്കുള്ള പദ്ധതി നിർദേശം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ളാൻ, ലേബർ ബജറ്റ് എന്നിവയാണ് വാർഡ് സഭകളിൽ പൊതുവായി ചർച്ച ചെയ്തിട്ടുള്ള വിഷയങ്ങൾ. വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള ആശയങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പത്ത്/ പന്ത്രണ്ട് പേരടങ്ങുന്ന വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇവർ വികസന സെമിനാറിൽ പങ്കെടുക്കേണ്ട ആളുകളെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ അതാത് വാർഡുകളിലെ പ്രത്യേക സാഹചര്യങ്ങളും, പ്രശ്നങ്ങളും ജനപ്രതിനിധികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും വാർഡ് സഭകളിൽ നടപടി ഉണ്ടായിട്ടുണ്ട്. വാർഡുകളിൽ ഉയർന്നു വന്ന ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1.റോഡ് നിർമിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ റോഡ് വേണം, കേടായ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുക/പുനർനിർമാണം.

2.ഡ്രെയിനേജ് നിർമാണം,ഡ്രെയിനേജിന് സ്ലാബ് ഇടൽ.

3.നടപ്പാത/ഇന്റർലോക്ക് സ്ഥാപിക്കൽ.

4.കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുടെയും നവീകരണം,സംരക്ഷണം.

5.പ്രളയബാധിത മേഖലകളിൽ പ്രളയം തടയുന്നതിനായി തോടുകളും ഡ്രെയിനേജുകളും വൃത്തിയാക്കണം,സംരക്ഷണ ഭിത്തി നിർമിക്കണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. ഉണ്ടായ നാശനഷ്ടങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികളെടുക്കുക.

6.മാലിന്യം ശേഖരിക്കുന്നതിലും, സംസ്കരിക്കുന്നതിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുക.

7. ശുചീകരണത്തിന് ജീവനക്കാരെ നിയമിക്കുക.

8.തെരുവുനായശല്യം കുറയ്ക്കുന്നതിന് നടപടിയെടുക്കുക.

9.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ടോയ് ലെറ്റ് വേണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

10.കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ഗാർഹിക കണക്ഷൻ ലഭ്യമാക്കണം.

11. ഹൈമാസ്റ്റ് ലൈറ്റ്, മിനിഹൈമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കണം.

12. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കണം.

ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനുള്ള ആസ്തികൾ നിർമിക്കുന്നത് സംബന്ധിച്ച് ജനങ്ങൾ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും ഉത്പാദന മേഖലയിലും, സേവന മേഖലയിലും ഉള്ള വിഷയങ്ങൾ ചർച്ചയ്ക്ക് വരുന്നില്ല. ഇതേക്കുറിച്ച് വാർഡ്സഭകളിൽ ആകെ ഉണ്ടായിട്ടുള്ള നടപടി പദ്ധതികൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ചേർക്കുക എന്നതു മാത്രമാണ്.

ചില വാർഡുകളിൽ മിനിറ്റ്സ് ബുക്കിൽ വാർഡ് മെമ്പർ, കോ- ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ടിട്ടില്ല. കൃത്യമായി തിയതി ചേർക്കുന്നതിലും വീഴ്ച ഉണ്ട്. പദ്ധതി നിർദേശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ കാര്യക്ഷമമായി നടക്കുന്നില്ല. ഗുണഭോക്തൃലിസ്റ്റിലുള്ളവർക്ക് പദ്ധതി മാനദണ്ഡമനുസരിച്ച് ലഭിച്ച മാർക്ക് കണക്കാക്കി ചേർത്തിട്ടില്ല, ലിസ്റ്റ് മുൻഗണനാക്രമമനുസരിച്ചാണോ എന്ന് വ്യക്തമല്ല.

ഓഡിറ്റ് നിർദേശം

വാർഡ്സഭ, വാർഡ് കമ്മിറ്റികൾ എന്നിവ അധികാരവികേന്ദ്രീകരണം സാധ്യമാകുന്ന തരത്തിൽ പ്രവർത്തിക്കണം. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതി രൂപീകരണം, നടത്തിപ്പ്, ഗുണഭോക്തൃ തിരഞ്ഞെടുപ്പ് എന്നിവ സുതാര്യവും കാര്യക്ഷമവുമാക്കാൻ വാർഡ് സഭകളിലൂടെ കഴിയേണ്ടതാണ്. ഇത്തരം നടപടികൾ യഥാസമയം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് വാർഡ് കൗൺസിലർമാരും കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-37 പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി -അപാകങ്ങൾ

1.പ്രോജക്ടിന്റെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി.

പ്രോജക്ട് നമ്പർ : S00375/20

അടങ്കൽ : 24,00,000

ചെലവ് : 22,50,000

2.പ്രോജക്ട് നമ്പർ : S0001/20

അടങ്കൽ 100,00,000

ചെലവ് 33,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടിക ജാതി വികസന ഓഫീസർ

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾക്കായി ധനസഹായം നല്കിയതിന്റെ രേഖകളുടെ സൂക്ഷിപ്പിലും ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട രേഖകളിലും താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. പഠനമുറി മുൻസിപ്പാലിറ്റി രജിസ്റ്റർ ഗുണഭോക്താക്കളുടെ വിവരങ്ങൾ 1 മുതൽ 30 വരെ രേഖപ്പെടുത്തിയതിൽ ക്രമ.നമ്പർ 28, 30 ഒഴികെയുള്ള അപേക്ഷകളിൽ നിർവഹണോദ്യോഗസ്ഥയുടെ അർഹത പരിശോധനാ റിപ്പോർട്ട് ഇല്ല.

2. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. പഠനമുറിക്കായി സ്വീകരിച്ച അപേക്ഷകളിൽ ഗുണഭോക്താവിന്റെ ഒപ്പ് വെച്ചിട്ടില്ല. ചില അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ : S00375/20

| ക്രമ. നം | ഗുണഭോക്താവ് | കുട്ടിയുടെ പേര് | പഠനമുറി രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|
| 1 | കണ്ണൻ .വി | കൃഷ്ണപ്രിയ | 11 |
| 2 | കൃഷ്ണൻ .കെ | സുനിൽ .കെ | 18 |

പ്രോജക്ട് നമ്പർ : S0001/20

| ക്രമ. നം | ഗുണഭോക്താവ് | കുട്ടിയുടെ പേര് | പഠനമുറി രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|
| 1 | മഞ്ജു. കെ | ബിബിൻ | 10 |
| 2 | ചെമ്പകം | മേഘ. എം | 37 |
| 3 | സുരേഷ്. കെ | സച്ചിൻ | 39 |

ഓഡിറ്റ് അന്വേഷണം 55/05.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രാജാമണി, പഴയകളം എന്നയാൾക്ക് ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ വാങ്ങിയ ഒരു ഗഡു ട്രഷറിയിൽ തിരിച്ചടച്ച് ചലാൻ ഹാജരാക്കിയതായും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികൾ - അവലോകനം

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 204 സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ 619 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 147 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 32,77,73,274/- രൂപയിൽ 6,50,88,025/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 19.85% മാത്രമാണ് മേൽ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന മരാമത്ത് പ്രവൃത്തികൾക്കായി തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മാർച്ച് മാസത്തിൽ ട്രഷറിയിൽ സമർപ്പിച്ച 1,93,50,439/-രൂപ മൂല്യമുള്ള 64 ബില്ലുകൾ ക്യൂ വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ടി ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

235 പ്രോജക്ടുകൾക്ക് സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണ കലണ്ടർ പ്രകാരം പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. കൂടാതെ മാർച്ച് അവസാനവാരത്തിൽ വന്ന കോവിഡ് മഹാമാരിയും പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം :

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

5. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

7. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം പരിശോധിച്ചതിന്റെ റിപ്പോർട്ട് പ്രവൃത്തിയുടെ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ് (നിലവിൽ സൂക്ഷിക്കുന്നില്ല).

8. നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ലഭ്യമാക്കേണ്ടതാണ്. (നിലവിൽ അളവുപുസ്തകത്തിൽ സാക്ഷ്യപത്രം ഇല്ല).

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-39 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 162/16-12-19 | 664/20 | വാർഡ്10 റോസ് ഗാർഡൻ റോഡ് മെറ്റലിംഗ് ടാറിംഗ് | 39472 |
| 2 | 164/16-12-19<br>120/21-10-19 | 74/20 | വാർഡ് 44 ൽ നെല്ലിശ്ശേരി ഗ്രാമം നെല്ലിത്തൊടിയിൽ ഡ്രൈനേജ് റിപ്പയറിംഗ് & റോഡ് ഇന്റർലോക്കിംഗ് | 55587<br>1743244 |
| 3 | 171/18-01-20 | 72/20 | മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ട് ടോയ്ലറ്റ് ബ്ളോക്ക് | 146729 |
| 4 | 180/18-01-20,<br>4/14-05-19 | 358/20<br>358/19 | വാർഡ് 14 പറക്കുന്നം വിവിധ സ്ഥലങ്ങളിൽ ഡ്രൈൻ പുനരുദ്ധാരണം | 435739<br>144911 |
| 5 | 268/26-03-20<br>275/31-03-20<br>276/31-03-20<br>277/31-03-20<br>278/31-03-20<br>279/31-03-20<br>280/31-03-20<br>281/31-03-20<br>282/31-03-20<br>288/31-03-20 | 324/20<br>324/20 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ളം വാട്ടർ ചാർജ്ജ് ബിൽ , വൈദ്യുതി ബിൽ | 80437<br>41427<br>13622<br>4954<br>49004<br>17989<br>10012<br>19285<br>2491<br>28629 |

| | | | | |
|---|---|---|---|---|
| | 289/31-03-20<br>182/18-01-20<br>197/22-02-20<br>189/22-02-20<br>47/11-07-19<br>86/05-09-19<br>92/07-09-19,<br>93/07-09-19,<br>94/07-09-19<br>146 | | | 11294<br>44386<br>16540<br>45420<br>16377<br>1567<br>22965<br>21649<br>11554<br>265783 |
| 6 | 1/14-05-19 | 364/19 | വാർഡ്10 റോസ് ഗാർഡൻ റോഡ് മെറ്റലിംഗ് ടാറിംഗ് | 326994 |
| 7 | 2/27-05-19 | 368/19 | 28-ാം വാർഡിൽ കല്ലേക്കാട് വിവിധ ഭാഗങ്ങളിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | 360771 |
| *8* | *3*/14-5-19,<br>87/05-09-19 | 360/19 | വാർഡ് 43- ബി.ഓ.സി റാംനഗർ -പ്രാണംകുളം റീടാറിംഗ് ,കൽവർട്ട് കൺസ്ട്രക്ഷൻ | 262851<br>344222 |
| *9* | *4/14-05-19* | 358/19 | വാർഡ് 16 വിവിധ സ്ഥലങ്ങളിൽ ഡ്രൈൺ പുനരുദ്ധാരണം | 144911 |
| *10* | *5/27-05-19* | 361/19 | വാർഡ് 11 ഇൽ 6 എ പൂജ നഗറിൽ മെറ്റലിംഗ് ടാറിം ഗ്, ഡ്രൈൺ | 296943 |
| 11 | 6/27-05-19 | 362/19 | വാർഡ് 11 അമൃത നഗർ റോഡ് ടാറിംഗ് | 203861 |
| 12 | 7/14-05-19 | 84/19 | പണ്ടാരക്കാവ് പാലം അറ്റകുറ്റപ്പണി വാർഡ് 26,27 | 200361 |
| 13 | 16/14-05-19 | 365/20 | 27 വാർഡ്-ആലംങ്കോട് തറ സംഗമം റെസിഡൻസ് കാടാംകോട് ഭാഗങ്ങളിൽ ഡ്രൈനേജ്, റോഡ് ഇന്റലോക്കിംഗ് | 200455 |
| 14 | 23/14-05-19 | 389/20 | അംബേദ്കർ കോളനി അംഗൺവാടി | 134543 |
| 15 | 24/11-06-19 | 354//20 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ബാലൻസ് തുക | 77932 |
| 16 | 26/11-06-19<br>27/11-06-19 | 352/20 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ബാലൻസ് ഫണ്ട് | 504504<br>417998 |
| 17 | 28/11-06-19 | 379/20 | ഫ്രണ്ടോഫീസ് എ സി സ്ഥാപിക്കൽ | 294000 |
| 18 | 29/11-06-19 | 380/20 | ഓഫീസ് നെറ്റ്വർക്കിംഗ് | 465081 |
| 19 | 30/11-06-19 | 384/20 | ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് | 269441 |
| 20 | 36/13-06-19 | 386/20 | അയ്യാപുരം സ്കൂൾ ക്ലാസ് റൂം നിർമ്മാണം പൂർത്തീകരണം, സ്റ്റോർറൂം നിർമ്മാണം | 603943 |
| 21 | 37/11-06-19 | 367/20 | വാർഡ് 9 മുറുകണി | 144824 |

| | | | | |
|---|---|---|---|---|
| | | | ബൈലനകളിൽ ഇന്റർലോക്കിംഗ് | |
| 22 | 38/11-06-19 | 383/20 | ജയിനമോട് ഗ്യാസ് ക്രമറ്റോറിയം | 202898 |
| 23 | 49/24-07-19 | 72/20 | മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ ടോയ്ലറ്റ് ബ്ലോക്ക് | 194267 |
| 24 | 50/24-07-19 | 89/20 | കൗൺസിൽ ഹാൾ റവന്യൂ സെക്ഷൻ,ഹെൽത്ത് ഡിവിഷൻ ക്ലബ്ബ് | 408225 |
| 25 | 52/24-07-19 | 475/20 | പി.എം. ജി ഹയർസെക്കണ്ടറി സ്കൂൾ റിനോവേഷൻ | 425840 |
| 26 | 56/30-07-19 | 386/20 | അയ്യപുരം സ്കൂൾ ക്ലാസ് റൂം നിർമ്മാണം, പൂർത്തീകരണം, ന്യൂക്ലാസ്റൂം,സ്റ്റോർ റൂം നിർമ്മാണം | 571330 |
| 27 | 70/18-08-19 | 638/20 | തെരുവ് വിളക്കുകളുടെ പരിപാലനവും പരിപാലനതിന്റെ ബാലൻസ് ഫണ്ട് | 215434 |
| 28 | 73/18-08-19 | 22/20 | സ്ട്രീറ്റ് ലൈറ്റ് എക്സ്ടൻഷൻ | 989448 |
| 29 | 74/06-09-19 | 520/20 | വാർഡ് 47 പള്ളിപ്പുറം ഗ്രാമം വിനായകർ കോവിൽറോഡ് ഇന്റർ ലോക്കിംഗ് | 1519304 |
| 30 | 77/05-09-19 | 367/20 | വാർഡ് 9 മുരുകണി ബൈലൈൻകളിൽ ഇന്റർലോക്കിംഗ് | 75625 |
| 31 | 78/05-09-19,<br>83/05-09-19,<br>84/05-09-19 | 290/20 | റോഡ് റെസ്റ്റോറേഷൻ ( അമൃതപ്ദ്ധതി) | 255481<br>255902<br>341203 |
| 32 | 79/05-09-19 | 485/20 | ഡോ. നായർ സ്കൂൾ ജിയുപിഎസ് | 597669 |
| 33 | 105/17-10-19 | 667/20 | മേലാമുറി വടക്കന്തറ റോഡ് പാച്ച് | 240804 |
| 34 | 108/17-10-19,<br>122/15-10-19,<br>125/28-10-19<br>128/28-12-19,<br>129/28-12-19<br>148/27-11-19<br>149/21-11-19<br>151/27/11/19 | 709/20 | റോഡ് റെസ്റ്റോറേഷൻ ( അമൃത് പദ്ധതി) | 353430<br>216810<br>230111<br>475200<br>325279<br>477180<br>372240<br>358067 |
| 35 | 110/21-10-19 | 688/20 | വാർഡ് 44 പാലക്കാട് വടക്കന്തറ റോഡിൽ ഡ്രൈയിനേജ് റിപ്പയറിംഗ് & റോഡ് ഇന്റർലോക്കിംഗ് | 1157191 |
| 36 | 124/15-10-19 | 355/20 | വാർഡ് 33 വെണ്ണക്കര അംഗൺവാടിയും പിഎച്ച് സി കെട്ടിടവും | 175365 |
| 37 | 149 | 403/20 | എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് ആന്വൽ മെയിന്റനൻസ് | 284102 |
| | | | | 19263107 |

ഓഡിറ്റ് എൻക്വയറി നമ്പർ 51/26-07-2021, 63/08-09-2021 എന്നിവ പ്രകാരം രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 12 (1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതാണ്.

രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1,92,63,107 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 എഗ്രിമെന്റ് - മതിയായ തുകക്കുള്ള സ്റ്റാമ്പ് പേപ്പർ വെച്ചിട്ടില്ല

കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ നിർദ്ദിഷ്ട മൂല്യമുള്ള മുദ്രപത്രത്തിൽ നഗരസഭയുമായി കരാറുടമ്പടി വെക്കേണ്ടതാണ്. The Kerala Finance Act 2018- Amendment Of Act 17 Of 1959 Stamp Act- Section 45 B,serial No.5,clause Fപ്രകാരം കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള തുകയുടെ 0.1 % മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കണം എന്ന നിർദേശിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പ്രവൃത്തികൾക്കും മേൽ നിർദ്ദേശപ്രകാരമല്ല കരാർ ഉടമ്പടി ഒപ്പ് വച്ചിട്ടുള്ളത്. ഇതുമൂലം സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | കരാർ തുക | എഗ്രിമെന്റ് നമ്പർ & തീയതി, കരാറുകാരൻ | എഗ്രിമെന്റ് വയ്ക്കേണ്ട മുദ്രപത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് ഒപ്പ് വച്ച മുദ്രപത്രത്തിന്റെ മൂല്യം | കുറവ് |
|---|---|---|---|---|---|---|
| 113/19 | 30-ാംവാർഡിൽ കൊക്കർണി റോഡ് റീകോൺക്രീറ്റിംഗ് | 764469 | 176/18-19/ 23-11-18 , മണികണ്ഠൻ | 800 | 200 | 600 |
| 711/ 20 | വാർഡ് 11 6 എ പൂജ നഗറിൽ മെറ്റലിംഗ് ടാറിംഗ് , ഡ്രെയിൻ | 449918 | 195/18-19/ 29-11-18 , രാജേഷ്.കെ | 450 | 200 | 250 |
| 357/ 20 | വാർഡ് 17, നരിക്കുറ്റി റോഡ് റീ കോൺക്രീറ്റിംഗും ഡ്രെയിൻ റീ കൺസ്ട്രക്ഷനും | 374194 | 155/18-19/03.11.18 എസ്.നിയാസുദ്ദീൻ | 400 | 200 | 200 |
| 134/ 20 | വാർഡ് 24 കൽമണ്ഡപം [ഡ്രെയിനേജ് | 1062487 | 178/18-19/23.11.18, K.M.മണികണ്ഠൻ | 1100 | 900 | 200 |

| | | | | | | |
|---|---|---|---|---|---|---|
| | റിപ്പയറിംഗ് &റോഡ് റികോൺക്രീറ്റിംഗ് | | | | | |
| 490/ 20 | വാർഡ് 31, തോട്ടിങ്കൽ SC കോളനിയിൽ റോഡ് ഇന്റർ ലോക്കിംഗ് , കൾവെർട്ട് റിപ്പയറിംഗ് | 355229 | 161/18-19/ 08.11.18 M. പ്രദീപ് | 400 | 200 | 200 |
| 385/ 20 | വാർഡ് 34,വെണ്ണക്കര ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ് | 437145 | 248/18-19/ 25.01.2019 അമീദ് റേഡിയോ ,സൌണ്ട് സർവീസ്, പാലക്കാട് | 450 | 200 | 250 |
| 355/ 20 | വാർഡ്33, വെണ്ണക്കര അങ്കണവാടിയും പിഎച്ച്സി കെട്ടിടവും | 299807 | 207/18-19/ 15.12.2018 | 300 | 200 | 100 |

നിയമപ്രകാരമുള്ള മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കാതിരുന്നതുമൂലം സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. കൂടാതെ എഗ്രിമെന്റിന് സാധുത ഇല്ലാതെയുമാകുന്നു. ആയതിനാൽ Kerala Finance Act 2018 പ്രകാരമുള്ള മൂല്യത്തിലുള്ള സ്റ്റാമ്പ്പേപ്പറിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതും കുറവു വന്ന മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിന്റെ തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-41 കരാറുകാരൻ യഥാസമയം സൈറ്റ് ഏറ്റുവാങ്ങിയിട്ടില്ല

8-08-2018 ലെ നമ്പർ എ.സി.2-223/2015/ത.സ്വ.ഭ.വ സർക്കുലർ, കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1 , കരാർ നിബന്ധനകൾ എന്നിവ പ്രകാരം കരാറുകാരനോ, അയാളുടെ അംഗീകൃത പ്രതിനിധിയോ എഗ്രിമെന്റ് ചമച്ച് 10 ദിവസത്തിനകം പ്രവൃത്തിസ്ഥലം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഏറ്റെടുക്കേണ്ടതും, നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റു രശീതി ഒപ്പുവച്ച് നൽകേണ്ടതുമാണെന്നും, സ്ഥലം ഏറ്റെടുത്താലുടൻ പ്രവൃത്തി തുടങ്ങേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ വിവിധ നടപടിക്രമങ്ങളുടെ പാലനത്തിലെ കൃത്യത പരിശോധിച്ചതിൽ ഈ വർഷം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ മേൽ നടപടിക്രമത്തിൽ വീഴ്ച്ച സംഭവിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. ഏകദേശം രണ്ട് മാസത്തിലധികം സ്ഥലം ഏറ്റെടുക്കാതിരുന്നിട്ടും യാതൊരു നടപടികളും നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | കരാർ ഉടമ്പടി ഒപ്പുവച്ചത്, | സ്ഥലം ഏറ്റെടു |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | കരാറുകാരൻ | ത്തത് |
| 1 | 374/20 | അയ്യാപുരം എൽ പി സ്കൂൾ മെയിന്റനൻസ് | 165/18-19/ 12-11-18 | 06.02.2019 |
| 2 | 372/20 | പറക്കന്നം എൽ പി സ്കൂൾ മെയിന്റനൻസ് | 169/18-19/ 19-11-18 | 07.02.2019 |
| 3. | 556/20 | PMG ഹൈസ്കൂൾ അറ്റകുറ്റപണി | 318/18-19 /8.3.2019 ഷാജി.ബി.പി | 23.4.2019 |
| 4. | 357/20 | നരിക്കുറ്റി റോഡ് റീകോൺക്രീറ്റിംഗും ഡ്രെയിൻ റീകൺസ്ട്രക്ഷനം | 155/18-19/ 3.11.18 എസ്. നിയാസുദ്ദീൻ | 13.02.2019 |
| 5. | 51/20 | LPമഠം ബൈലൈൻ മാരിയമ്മൻ റോഡ് ഇന്റർ ലോക്ക്, ഡ്രെയിനേജ് റിപ്പയർ | 226/18-19 /22.12.18 ഹനീഫ.കെ. | 25.01.2019 |
| 6. | 507/20 | ഗാന്ധിനഗർ ബൈലൈൻ ഇന്റർ ലോക്ക്, ഡ്രെയിനേജ് റിപ്പയർ | 231/18-19/ 22.12.18 ഹനീഫ.കെ. | 25.01.2019 |
| 7. | 358/20 | പറക്കന്നം വിവിധ സ്ഥലങ്ങളിൽ ഡ്രെയിൻ പുനരുദ്ധാരണം | 213/18-19/ 19.12.18 സുരേഷ്കുമാർ.എസ്. | 06.03.2019 |
| 8. | 514/20 | വടക്കുമുറി ഹനഫി ജുമാമസ്ജിദിന സമീപം റോഡ്, ഡ്രെയിൻ പുനരുദ്ധാരണം | 172/18-19/ 21.11.18 എം.എസ്. ഹക്കിം | 15.02.2019 |
| 9. | 48/20 | തിരുപുരാക്കൽ കോളനിയിൽ റോഡ് ഇന്റർ ലോക്കിംഗ് | 224/18-19- 22.12.18 | 25.01.2019 |
| 10. | 382/20 | ട്രഞ്ചിംഗ് ഗ്രൌണ്ടിൽകൺസ്ട്രക്ഷൻ ഓഫ് ഗേറ്റ്,കോമ്പൌണ്ട് വാൾ&പിറ്റ് | 138/18-19/ 16.10.18 | 15.02.2019 |
| 11. | 575/20 | ഹരിശങ്കർ റോഡിൽ അഴുക്ക്ചാൽ പുനരുദ്ധാരണം | 208/18-19/ 15.12.18 | 07.02.2019 |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാൻ വൈകിയതുമൂലം പദ്ധതി പൂർത്തീകരണം പ്രൊജക്ട് നിർവ്വഹണകലണ്ടർ പ്രകാരം(2018-19) നടപ്പിലാവാതെ 2019-20 ലാണ് പൂർത്തിയായത്. ഇതുമൂലം 2018-19 ൽ മേൽ പ്രവൃത്തികൾക്കായി വകയിരുത്തിയ തുക ലാപ്സാകാനിടയാവുകയും 2019-20 ൽസ്പിൽ ഓവറായ ടി പ്രവൃത്തികൾക്കായി തൻ വർഷത്തെ പദ്ധതിവിഹിതം വിനിയോഗിക്കേണ്ടി വരുകയും ചെയ്തു.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ, കരാറുകാരനം നിർവ്വഹണോദ്യോഗസ്ഥനമായി വെച്ചിട്ടുള്ള കരാർ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതി വിവിധ നിർവ്വഹണഘട്ടങ്ങൾ മോണിറ്റർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 1-42 നഗരശുചീകരണം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഫയൽ :- E2- 60068/2017

29.11.2017-ൽ പാലക്കാട് കലക്ടറേറ്റിൽ ചേർന്ന വീഡിയോ കോൺഫറൻസിൽ 30 വർഷത്തെ ദീർഘ വീക്ഷണത്തോടെ നിലവിലെ സ്ഥിതി പഠനവിധേയമാക്കി 2016-ലെ Municipal Solid Waste Management Rules ചട്ടങ്ങളനുസരിച്ച് നഗര ശുചീകരണ പ്രവർത്തനത്തിന് DPR തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. 2011-ലെ സെൻസസ് അനുസരിച്ച് ഒരു വ്യക്തിക്ക് പരമാവധി 686/- രൂപയാണ് നിരക്ക്. പ്രൊജക്ട് തുകയുടെ 35% കേന്ദ്രവിഹിതവും 23.3% സംസ്ഥാന വിഹിതവും 41.7% നഗരസഭാ വിഹിതവും എന്ന നിലയിൽ പ്രൊജക്ട് ആവിഷ്ക്കരിച്ച് Reduce, Recycle, Reuse എന്നത് പാലിച്ച് ശുചിത്വമിഷൻ എം.പാനൽ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും EOI ക്ഷണിച്ചു.

1) M/s. Green Village, Thiruvananthapuram

2) M/s. Thanal Trust, Thiruvananthapuram

3) Hitech Biofertilizers India, Ernakulam

4) National Energy And Waste Management Co-operative Society, Chalakkudy

മേൽ സ്ഥാപനങ്ങൾ യഥാക്രമം മൊത്തം പദ്ധതി തുകയുടെ 0.40, 0.78, 0.38, 0.459 ശതമാനം ക്വോട്ട് ചെയ്തു. ക്രമ നമ്പർ 1, 3, 4 എന്നിവയുമായി നെഗോഷിയേറ്റ് ചെയ്തതിൽ നിന്നും Hitech Biofertilizers India, Ernakulam എന്ന സ്ഥാപനം മുഖേന DPR തയ്യാറാക്കി ശുചിത്വമിഷനിൽ നിന്നും അംഗീകാരം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ 30.10.2019-ലെ കൌൺസിലിൽ 2381-ാം നമ്പർ പ്രകാരം തീരുമാനിച്ചു.

16.10.2019 തീയതിയിലെ 500/-രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ 09.05.2019 തിയതിയിൽ കരാർ ചമച്ചതിൽ ഒന്നാം കക്ഷിയായ നഗരസഭാ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. 16.10.2019-ൽ വാങ്ങിയ സ്റ്റാമ്പ് പേപ്പറിൽ 09.05.2019-ൽ കരാർ ഉടമ്പടി എപ്രകാരം സാധ്യമെന്ന് വ്യക്തമല്ല.

M/s.Hitech Biofertilizers India-യുടെ DPR 03.07.2020-ലെ 2635-ാം തീരുമാന പ്രകാരംഅംഗീകരിച്ചു. നഗരസഭയിലെ ആകെ ജനസംഖ്യ 142202 ആയി കണക്കാക്കി 686 രൂപ വീതം ആകെ ബജറ്റ് 9,75,50,572 രൂപയാണ്.

03.07.2020-ലെ തീരുമാനത്തിന ശേഷം ഫയലിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. 07.11.2020-ൽ ഓഫീസ് നോട്ട് പ്രകാരം

തിരെഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ ആയതു കഴിഞ്ഞ് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഹെൽത്ത് സൂപ്പർവൈസർക്ക് ഫയൽ കൈമാറുവാൻ നിർദ്ദേശം ഉണ്ട്. 07/2020-ൽ DPR അംഗീകരിച്ചുവെങ്കിലും യാതൊരു തുടർ നടപടിയും സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/08-01-2021) ന് മറുപടി ലഭ്യമാക്കിയില്ല. നഗര ശുചീകരണ പ്രവർത്തനത്തിന് DPR തയ്യാറാക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണ്.

## 1-43 ഓഫീസ് അനക്സ് നിർമ്മാണം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഫയൽ നം : E3/63882/17, Est.No. 2018/1341

പ്രൊജക്ട് : 329/20 – അടങ്കൽ: 50,00,000, ചെലവ് : ഇല്ല - CFC

കരാർ : 370/17-18/26.03.2018t

നിർവഹണം : മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭാ ഓഫീസ് അനക്സ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രൊജക്ടിന് അക്രഡിറ്റഡ് ഏജൻസിയായി ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. എഗ്രിമെന്റിനൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 3,50,00,000/- ആണ് അടങ്കൽ. എം-ബുക്ക് ഫയലിലില്ല. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ഓഫീസ് അനക്സ് നിർമ്മാണത്തിന് വകയിരുത്തിയിരിക്കുന്ന തുക എഗ്രിമെന്റ്, എസ്റ്റിമേറ്റ് എന്നിവയിൽ വ്യത്യാസമുണ്ട്. ആയതുമൂലം സെന്റേജ് ചാർജിലെ കൃത്യത പരിശോധന സാധ്യമല്ല. ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ബില്ലുകൾ എല്ലാം തന്നെ Passed For Payment നൽകിയവയാണ്. പിൻവലിച്ച വിവരങ്ങൾ ഇല്ല.

18 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന് കരാർ നിബന്ധനയിൽ പറയുന്നുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല.

ഈ പദ്ധതിക്കായി ഓരോ വർഷവും വകയിരുത്തിയ തുക, ഫണ്ടിനം, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/20.01.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അനക്സ് നിർമ്മാണത്തിനായി നാളിതുവരെ ഹാബിറ്റാറ്റിന് നൽകിയ തുകയുടെ വിശദാംശങ്ങൾ, പ്രവൃത്തി പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ, നഗരസഭ സ്വീകരിച്ച നടപടികൾ എന്നിവ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-44 പ്രവൃത്തി പൂർത്തീകരണം വൈകിയത് -പിഴ ഈടാക്കിയതിൽ കുറവ്/ ഈടാക്കിയിട്ടില്ല

പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012-(ജി.ഒ (പി) നം.13/2012/PWD/01.02.2012 )ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ഈ കാലയളവിന് ശേഷമുള്ള പൂർത്തീകരണ പ്രവൃത്തി ആധികാരികമല്ല. പി.ഡബ്ല്യു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പൂർത്തീകരണ കാലാവധി തീരുന്നതിന് മുൻപ് നൽകേണ്ടതാണ്.

നഗരസഭ 2019-20 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്ത മരാമത്ത് പ്രവൃത്തികളിൽ മേൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|
| 1. | 29-ാം വാർഡിൽ മുറിക്കാവിൽ ഡ്രെയിനേജ് റിപ്പയർ (128/20)<br>പി.എ.സി. - 295932/-<br>ബിൽ നം. /തീയതി-<br>59/30.7.19- 200000, 146/16.12.19- 99970/-<br>കരാറുകാരൻ- സി.വാസു.<br>എഗ്രിമെന്റ്- 157/05.11.18 (സൈറ്റ് കൈമാറിയത് 5.11.18)<br>പൂർത്തീകരിക്കേണ്ട തീയതി - 5.2.19 ( സൈറ്റ് കൈമാറി 3മാസത്തിൽ)<br>പൂർത്തീകരിച്ച തീയതി- 03.05.19 | 1. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് കരാറുകാരന്റെ അപേക്ഷ ഇല്ല.<br>2. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് കരാർ കാലാവധിക്കകം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.<br>3. പൂർത്തീകരണ കാലാവധി ആകെ |

| | | |
|---|---|---|
| | അളവുപുസ്തകം-424/18-19<br>പിഴ ഈടാക്കേണ്ടത്- 1%+2% (25%+25%) -8878/-<br>ഈടാക്കിയത്- 3000<br>ബാക്കി പിഴ ഈടാക്കേണ്ടത്- 5878/- | അനുവദിച്ചിരുന്ന കാലയളവിന്റെ 50% നേക്കാൾ അധികം ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല. |
| 2. | 30-ാം വാർഡിൽ കാവിൽ വീട് റോഡ് ഇന്റർലോക്കിംഗ് ഡ്രെയിനേജ് റിപ്പയറിംഗ് പ്രവൃത്തി(366/20)<br>പി.എ.സി. - 359823/-<br>ബിൽ നം. /തീയതി-<br>17/14.5.19- 141958, 36/22.4.2020- 156534/-<br>കരാറുകാരൻ- ബാബു.വി.<br>എഗ്രിമെന്റ്- 314/08.03.19(സൈറ്റ് കൈമാറിയത് 08.03.19)<br>പൂർത്തീകരിക്കേണ്ട തീയതി - 8.6.19 ( സൈറ്റ് കൈമാറി 3മാസത്തിൽ)<br>പൂർത്തീകരിച്ച തീയതി- 06.12.19<br>അളവുപുസ്തകം-441/18-19<br>പിഴ ഈടാക്കേണ്ടത്- 1%+2% (25%+25%) -10795/-<br>ഈടാക്കിയത്- 0<br>ബാക്കി പിഴ ഈടാക്കേണ്ടത്- 10795/- | 1-പൂർത്തീകരണ കാലാവധി ആകെ അനുവദിച്ചിരുന്ന കാലയളവിന്റെ 50% നേക്കാൾ അധികം ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല.<br>2. PWD യുടെ NOC ലഭിക്കുന്നതിനായി 6മാസത്തോളം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു എങ്കിലും NOC ലഭിച്ച രേഖ ഫയലില്ല. |
| 3. | പുതുപ്പള്ളിത്തെരുവ് പത്തുകുടി റോഡ് ഡ്രെയിൻ റിനോവേഷൻ,റീകോൺക്രീറ്റിംഗ്,റീടാറിംഗ്, ഇന്റർലോക്കിംഗ്(111/20)<br>പി.എ.സി. - 1999651/-<br>ബിൽ നം. /തീയതി-<br>85/06.9.19- 884749, 133/25.10.19- 707826/-<br>കരാറുകാരൻ- ഹനീഫ<br>എഗ്രിമെന്റ്- 218/19.12.18 (സൈറ്റ് കൈമാറിയത് -19.12.18)<br>പൂർത്തീകരിക്കേണ്ട തീയതി - 19.3.19 ( സൈറ്റ് കൈമാറി 3മാസത്തിൽ)<br>പൂർത്തീകരിച്ച തീയതി- 20.09.19<br>അളവുപുസ്തകം-405/17-18<br>പിഴ ഈടാക്കേണ്ടത്- 1%+2% (25%+25%) - 59990/-<br>ഈടാക്കിയത്- 0<br>ബാക്കി പിഴ ഈടാക്കേണ്ടത്- 59990/- | കരാറുകാരന്റെ കത്തിലുള്ള വിവരങ്ങളിലെ താഴെ പറയുന്നവ അംഗീകരിക്കാനാവില്ല.<br>1.ദ്വിവൽസര പ്രൊജക്ടായിരുന്നു എന്നത് ശരിയല്ല. എകവൽസര പ്രൊജക്ടായിട്ടാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്.<br>2.ഇലക്ഷൻ പെരുമാറ്റ ചട്ടം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾക്ക് ബാധകമല്ല<br>3. അതിർത്തിത്തർക്കം ഉള്ളതായി സ്ഥലം ഏറ്റെടുത്ത് എഗ്രിമെന്റ് കാലയളവിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.<br>4. പൂർത്തീകരണ കാലാവധി ആകെ അനുവദിച്ചിരുന്ന കാലയളവിന്റെ 50% |

| | | |
|---|---|---|
| | | നേക്കാൾ അധികം ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല.<br>5. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് കരാർ കാലാവധിക്കകം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. |

പ്രവൃത്തി പൂർത്തീകരണം വൈകിയതിന് മുകളിൽ സൂചിപ്പിച്ച പ്രകാരം പിഴ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-45 ടെണ്ടർ ഉറപ്പിച്ച് കരാറുകാരുമായി എഗ്രിമെന്റ് വെയ്ക്കുന്നത് -അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്തു പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ 1997 ചട്ടം 10പ്രകാരം ടെണ്ടറുകൾ തുറന്ന തീയതി മുതൽ 10 ദിവസത്തിനകം തീരുമാനമെടുക്കണം. സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. പാലക്കാട് നഗരസഭയുടെ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധിക്കുമ്പോൾ 07/2018 ൽ 24,25 തീയതികളിൽ റീടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടറുകൾ മേൽ പ്രകാരം 10 ദിവസത്തിനകം അംഗീകരിച്ചിട്ടില്ല. ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി പ്രകാരമാണ് ടെണ്ടറുകൾ അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 02.02.2019 ലെ 1852-ാം തീരുമാന പ്രകാരമാണ് ജൂലൈ 24,25 തീയതികളിൽ റീടെണ്ടർ നടന്ന ടെണ്ടറുകൾ ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി കൌൺസിൽ അംഗീകരിച്ചത്. എന്നാൽ രേഖകൾ പരിശോധിക്കുമ്പോൾ ഈ പ്രവൃത്തികളിൽ കരാറുകാരുമായി എഗ്രിമെന്റ് വെയ്ക്കുന്ന വിഷയത്തിൽ വ്യത്യസ്ത സമീപനമാണ് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ കൈക്കൊണ്ടിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഏതാനും ഉദാഹരണങ്ങൾ സഹിതം)

1. പ്രൊജക്റ്റ് നം. 565/20, 359/20 എന്നിവയിൽ ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി പ്രകാരം വർക്ക് സെലക്ഷൻ ഓർഡർ നൽകിയതനുസരിച്ച് കരാറുകാരൻ എഗ്രിമെന്റ് വെച്ചത് വൈകിയതിന് പിഴ ഈടാക്കിയിട്ടുണ്ട്.

2. പ്രൊജക്റ്റ് നം. 51/20,507/20,366/20,111/20,637/20,385/20, മുതലായവയിൽ ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി പ്രകാരം വർക്ക് സെലക്ഷൻ ഓർഡർ നൽകിയതനുസരിച്ച് കരാറുകാരൻ എഗ്രിമെന്റ് വെച്ചത് വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

3. പ്രൊജക്റ്റ് നം. 671/20,355/20,692/20,571/20,514/20 മുതലായവയിൽ ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി പ്രകാരം വർക്ക് സെലക്ഷൻ ഓർഡർ നൽകിയതനുസരിച്ച് കരാറുകാരൻ എഗ്രിമെന്റ് വെച്ചത് വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല. എന്നാൽ ഇവയിൽ കരാറുകാർ വർക്ക് സെലക്ഷൻ ഓർഡർ കൈപ്പറ്റിയതിൽ കൌൺസിൽ തീരുമാനം ഇല്ലാത്തതിനാൽ എഗ്രിമെന്റ് വെയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരണത്തിനും Time Extention നൽകണമെന്നാവശ്യപ്പെട്ട് കത്തു നൽകിയിട്ടുണ്ട്. ഇതിൽ 671/20, 514/20, 692/20 എന്നിവയിൽ സമയം ദീർഘിപ്പിക്കുന്നതിന് എ.ഇ/എ.എക്സ്.ഇ. ശുപാർശ ചെയ്തിട്ടുണ്ട്.

ചെയർപേഴ്സന്റെ 30.10.2018 ലെ മുൻകൂർ അനുമതി പ്രകാരം ടെണ്ടർ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ഒരേ വിഷയത്തിൽ നിയമ പ്രകാരം ചെയ്യേണ്ട തുടർ നടപടി സ്വീകരിക്കാതെ കരാറുകാരോടുള്ള വ്യത്യസ്ത രീതിയിലുള്ള സമീപനം ഉചിതമല്ല. ആയതിനാൽ യഥാസമയം എഗ്രിമെന്റ് വെയ്ക്കുന്നതിൽ വീഴ്ച വരുത്തിയ എല്ലാ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 1-45-1 കരാറുകാരൻ എഗ്രിമെന്റ് വെച്ചത് വൈകി -പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (W.S.O) കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ വൈകിയതിന് ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തി, എ.പി.എ.സി | ടെണ്ടർ അംഗീകരിച്ചത്, | എഗ്രിമെന്റ് , കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | W.S.O അയച്ചത് | | |
| 1. | 51/20, 46--ാം വാർഡിൽ LPമഠം ബൈലൈൻ മാരിയമ്മൻ റോഡ് ഇന്റർ ലോക്ക്, ഡ്രെയിനേജ് റിപ്പയർ, 595142/- | ചെയർ പേഴ്സന്റെ 30.10.18 ലെ മുൻകൂർ അനുമതി, 15.11.18 | 226/ 22.12.18 ഹനീഫ.കെ. | 5951 |
| 2. | 507/20, 46--ാം വാർഡിൽ LPമഠം ബൈലൈൻ ഇന്റർ ലോക്ക്, ഡ്രെയിനേജ് റിപ്പയർ, 728264/- | -ടി- 19.11.18 | 231/22.12.18 ഹനീഫ.കെ. | 7283 |
| | 366/20, വാർഡ് 3, കാവിൽവീട്റോഡ് ഇന്റർ ലോക്ക്, ഡ്രെയിനേജ് റിപ്പയർ, 359823/- | - ടി - 30.10.18 | 314/8.3.19 ബാബു.വി. | 3598 |
| 3. | 111/20, വാർഡ്32 പുതുപ്പള്ളിത്തെരുവ് പത്തുകുടി റോഡ് ഡ്രെയിൻ റിനോവേഷൻ, റീകോൺക്രീറ്റിംഗ് , റീടാറിംഗ്, ഇന്റർലോക്കിംഗ്, 1976266 | - ടി - 24.11.18 | 218/19.12.18 ഹനീഫ | 19763 |
| 4. | 637/20, ഫ്രണ്ട് ഓഫീസിലേക്ക് ഫർണിച്ചർ, 480000 | ചെയർ പേഴ്സന്റെ 8.3.19 ലെ മുൻകൂർ അനുമതി, 8.3.19 | 57/ 5.7.19 M/S സ്പീഡ് എന്റർപ്രൈസസ് | 4800 |
| 5. | 385/20, വെണ്ണക്കര ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ്, (ഇലക്ട്രിഫിക്കേഷൻ)437145 | 11.9.18 ലെ കൌൺസിൽ തീരുമാനം 24.11.18 | 248/ 25.1.19 അമീദ് റേഡിയോ സൌണ്ട് സർവീസ് | 4371 |
| 6. | 358/20,വാർഡ് 16, പറക്കുന്നം വിവിധ സ്ഥലങ്ങളിൽ ഡ്രെയിൻ പുനരുദ്ധാരണം, 1481446 | ചെയർ പേഴ്സന്റെ 30.10.18 ലെ മുൻകൂർ അനുമതി, 15.11.18 | 213/19.12.18 സുരേഷ്കുമാർ.എസ്. | 14814 |
